# ആമുഖം

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന പ്രക്രിയയിൽ അതിപ്രധാനമായ ഒരു നാഴികകല്ലാണ് 2026 – 27 സാമ്പത്തിക വർഷത്തെവാർഷിക പദ്ധതി. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022 – 27) അവസാന സാമ്പത്തിക വർഷമെന്ന നിലയിൽ, കഴിഞ്ഞ നാലു വർഷങ്ങളിലെ വികസന നേട്ടങ്ങളെ ക്രോഡീകരിക്കാനും ബാക്കിയുള്ള ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുമുള്ള ദൌത്യമാണ് ഈ കരട് പദ്ധതി രേഖയിലൂടെ നാം ഏറ്റെടുക്കുന്നത്.

73, 74 ഭരണ ഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് ഭരണസംവിധാനം സാക്ഷാത്ക്കരിക്കപ്പെടുകയും പ്രാദേശിക വികസനം കാര്യക്ഷമമാക്കുന്നതിന് ജനകീയാസൂത്രണ പ്രക്രിയയിലൂടെ നടപ്പിൽ വരുത്തുകയുമാണ്. വികസനം കേവലം ഭൌതിക നിർമ്മാണങ്ങളിൽ മാത്രം ഒതുങ്ങാതെ ഓരോ പൌരന്റെയും ജീവിത നിലവാരത്തിൽ ഗുണപരമായ മാറ്റം കൊണ്ടുവരിക എന്നതാണ് നമ്മുടെ പ്രാഥമിക ലക്ഷ്യം.

സുസ്ഥിര വികസന ലക്ഷ്യം നേടുകയെന്നതാണ് ഈ വർഷത്തെ പദ്ധതിയിൽ ഊന്നൽ നൽകിയിരിക്കുന്നത്. ഉത്പാദന മേഖലയിൽ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ട് കൃഷി, മൃഗസംരക്ഷണ, മത്സ്യ വികസന മേഖലകളിൽ തനത് പദ്ധതികളും ടൂറിസം മേഖലയിൽ നമ്മുടെ പഞ്ചായത്തിന്റെ സാധ്യതകൾ കണ്ടെത്തി നൂതന പദ്ധതികളും ആവിഷ്ക്കരിക്കുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സൌകര്യങ്ങൾ, വന്യമൃഗ ശല്യത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. ഗ്രാമീണ റോഡുകളുടെ സമ്പൂർണ്ണ നവീകരണം, സുരക്ഷിതമായ കുടിവെള്ള ലഭ്യത തെരുവു വിളക്കുകളുടെ വിപുലീകരണം എന്നിവയിലൂടെ ഗ്രാമത്തിന്റെ മുഖച്ഛായ മാറ്റുകയാണ് ലക്ഷ്യം. എല്ലാവർക്കും അടച്ചുറപ്പുള്ള വീട്, അതിദരിദ്രരെ കണ്ടെത്തി മുഖ്യധാരയിലേയ്ക്ക് എത്തിക്കൽ, ഭിന്നശേഷി വയോജനസൌഹൃദ പഞ്ചായത്ത് എന്നീ ലക്ഷ്യങ്ങൾക്കായി തുക മാറ്റിവെക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ സമഗ്ര പുരോഗതിക്കായി പ്രത്യേകം ഊന്നൽ നൽകുന്നു. നാടിന്റെ ചാലക ശക്തിയായ യുവജനങ്ങൾക്ക് നൈപുണ്യ വികസന പരിശീലനം, സ്പോർട്സ് മേഖലകളിലെ പ്രോൽസാഹനം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തലും കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി മികച്ച ചികിത്സാ സൌകര്യങ്ങൾ ഉറപ്പാക്കലും ലക്ഷ്യമിടുന്നു. കൂടാതെ ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിലൂടെ പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പദവിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള തീവ്ര യജ്ഞ പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്ത പ്രൊജക്ട് നിർദ്ദേശങ്ങൾ വിദഗ്ദരുമായി കൂടിയാലോചിച്ച് ഗ്രാമസഭയുടെയും ഭരണസമിതിയുടെയും അംഗീകാരത്തോടെ വികസന സെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി രേഖ സമഗ്രമായ ചർച്ചകൾക്കും അനിവാര്യമായ ഭേതഗതികൾക്കും ശേഷം 2026–27 വർഷത്തെ പദ്ധതിയായി സമർപ്പിക്കുകയാണ്. പരിമിതമായ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി തയ്യാറാക്കിയിരിക്കുന്ന ഈ പദ്ധതി രേഖ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിനും മാതൃകാ തദ്ദേശ സ്ഥാപനമാക്കുന്നതിനും പര്യാപ്തമാകുമെന്ന് പ്രതീക്ഷിക്കുന്നു. നമുക്ക് ഒത്തൊരുമിച്ച് മുന്നേറാം.

സ്നേഹാദരങ്ങളോടെ

ലത എ

പ്രസിഡന്റ്, ബളാൽഗ്രാമപഞ്ചായത്ത്

# അദ്ധ്യായങ്ങൾ


1. തദ്ദേശഭരണസ്ഥാപനത്തിൻറെ വികസനസ്ഥിതി അവസ്ഥാ വിശകലനം
2. വാർഷികപദ്ധതി അവലോകനം
3. പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും
4. വികസന കാഴ്ചപ്പാട്,ലക്ഷ്യങ്ങൾ തന്ത്രം
5. വിഭവ സ്രോതസുകളും വകയിരുത്തലുകളും
6. പ്രോജക്റ്ററുകളും അവയുടെ വിശദാംശങ്ങളും
7. പ്രത്യേക പരിപാടികൾ/പദ്ധതികൾ
8. വായ്പാ ബന്ധങ്ങൾ
9. സമഗ്രപരിപാടികളും സംയോജന സാധ്യതകളും
10. മോണിട്ടറിങ്ങ്

| ആസൂത്രണസമിതി അംഗങ്ങൾ 2025 – 2030 | | | |
|---|---|---|---|
| **ക്രമനമ്പർ** | **പേര്** | **സ്ഥാനം** | **ഫോൺ നമ്പർ** |
| 1 | ലത എ, പ്രസിഡന്റ് ബളാൽഗ്രാമപഞ്ചായത്ത് | ചെയർമാൻ | 9496147860 |
| 2 | പി . കുഞ്ഞിക്കൃഷ്ണൻ നായർ | വൈസ് ചെയർമാൻ | 9495780968 |
| 3 | സെക്രട്ടറി, ബളാൽ ഗ്രാമപഞ്ചായത്ത് | കൺവീനർ | 8157893734 |
| 4 | രാജു കട്ടക്കയം | വൈസ് പ്രസിഡന്റ് | 9496049747 |
| 5 | മിനി മാത്യു | സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ (വികസനം) | 9656249639 |
| 6 | ഷോബി ജോസഫ് | സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ (ക്ഷേമകാര്യം) | 9447864955 |
| 7 | ജിത പി വി | സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ (ആരോഗ്യ വിദ്യാഭ്യാസം) | 9544974440 |
| 8 | മനോജ് കെ വി | പ്ലാൻ ക്ലർക്ക് | 9495083010 |
| 9 | സി ദാമോധരൻ, ചേണിയാർകുന്ന് | അംഗം | 9446369505 |
| 10 | പി രാഘവൻ, താഴത്ത് വീട് | അംഗം | 9745886054 |
| 11 | സിബിച്ചൻ പുളിങ്കാല | അംഗം | 9446270864 |
| 12 | മനു ജേക്കബ് | അംഗം | 9526633540 |
| 13 | രാധാമണി എം | അംഗം | 9497600276 |
| 14 | ആൻഡ്രൂസ്, വട്ടക്കുന്നേൽ | അംഗം | 9495146791 |
| 15 | ജോസ് വർഗ്ഗീസ്, മുണ്ടനാട്ട് | അംഗം | 9497837918 |

| വർക്കിംഗ് ഗ്രൂപ്പ് വിവരങ്ങൾ | | | |
|---|---|---|---|
| **ക്രമ നം** | **വർക്കിംഗ് ഗ്രൂപ്പിന്റെ പേര്** | **ചെയർമാൻ** | **കൺവീനർ** |
| 1 | പൊതുഭരണവും ധനകാര്യവും | രാജു കട്ടക്കയം, പഞ്ചായത്ത് വൈസ് പ്രസിഡന്റ് | സെക്രട്ടറി ബളാൽ ഗ്രാമപഞ്ചായത്ത് |
| 2 | കൃഷി, മണ്ണ്, ജലസംരക്ഷണം, തൊഴിലുറപ്പ് | മിനി മാത്യു, വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | കൃഷി ഓഫീസർ |
| 3 | മൃഗസംരക്ഷണം, ക്ഷീരവികസനം | ശ്രീധരൻ സി.വി, പഞ്ചായത്ത് മെമ്പർ | സീനിയർ വെറ്ററിനറി സർജൻ |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | ജോസ് മാത്യു, പഞ്ചായത്ത് മെമ്പർ | വി. ഇ. ഒ. |
| 5 | ദാരിദ്ര്യ ലഘൂകരണം( പാർപ്പിടം ഉൾപ്പെടെ) | ഷോബി ജോസഫ്, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | വി. ഇ. ഒ. |
| 6 | സാമൂഹ്യ നീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ) | റോസിലിൻ സിബി, പഞ്ചായത്ത് മെമ്പർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 7 | ജെൻഡറും വികസനവും കുട്ടികളുടെ വികസനവും | ധന്യ സി, പഞ്ചായത്ത് മെമ്പർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 8 | പട്ടികവർഗ്ഗ വികസനം | ചന്ദ്രൻ ടി വി, പഞ്ചായത്ത് മെമ്പർ | അസിസ്റ്റന്റ് സെക്രട്ടറി |
| 9 | ആരോഗ്യം | ജിത പി വി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | മെഡിക്കൽ ഓഫീസർ, കൊന്നക്കാട് |
| 10 | കുടിവെള്ളം, ശുചിത്വം മുതലായവ | ഷാജൻ, പി ജെ, പൈങ്ങോട്ട്, പഞ്ചായത്ത് മെമ്പർ | അസിസ്റ്റന്റ് എഞ്ചിനീയർ LSGD, |
| 11 | വിദ്യാഭ്യാസം,കലയും,സംസ്കാരം, യുവജനകാര്യം | ശ്യാമള എ വി, പഞ്ചായത്ത് മെമ്പർ | എച്ച് . എം എടത്തോട് |
| 12 | പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) | മിനി ആന്റണി, പഞ്ചായത്ത് മെമ്പർ | അസിസ്റ്റന്റ് എഞ്ചിനീയർ LSGD, |
| 13 | ദുരന്തനിവാരണം, ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം | ലത എ, പ്രസിഡന്റ് ബളാൽ ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി ബളാൽ പഞ്ചായത്ത് |
| 14 | മത്സ്യവികസനം | ലക്ഷ്മി എം, പഞ്ചായത്ത് മെമ്പർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 15 | പട്ടികജാതി വികസനം | കുഞ്ഞിരാമൻ, പഞ്ചായത്ത് മെമ്പർ | അസിസ്റ്റന്റ് സെക്രട്ടറി |

| ഗ്രാമപഞ്ചായത്ത് ഭരണസമിതി 2025 – 2030 | | | | |
|---|---|---|---|---|
| ക്രമ നം | വാർഡ് | പേര് | സ്ഥാനം | മൊബൈൽ നമ്പർ |
| 1 | എടത്തോട് | ജിത പി വി | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 9544974440 |
| 2 | അത്തിക്കടവ് | ലത എ | പഞ്ചായത്ത് പ്രസിഡന്റ് | 9496147860 |
| 3 | ബളാൽ | ശ്രീധരൻ സി വി | അംഗം | 9747207307 |
| 4 | മരുതുംകുളം | ചന്ദ്രൻ ടി വി | അംഗം | 9947990768 |
| 5 | ചുള്ളി | മിനി ആന്റണി | അംഗം | 8547974772 |
| 6 | ദർഘാസ് | ധന്യ സി | അംഗം | 7306226527 |
| 7 | പുഞ്ച | ലക്ഷ്മി എം | അംഗം | 6282368091 |
| 8 | മൈക്കയം | മിനി മാത്യു | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 9656249639 |
| 9 | കൊന്നക്കാട് | കുഞ്ഞിരാമൻ | അംഗം | 9048649891 |
| 10 | മുട്ടോംകടവ് | സനോജ് മാത്യു | അംഗം | 9074263705 |
| 11 | മാലോം | റോസിലിൻ സിബി | അംഗം | 9745942026 |
| 12 | കാര്യോട്ടുചാൽ | രാജു കട്ടക്കയം | വൈസ് പ്രസിഡന്റ് | 9447649713 |
| 13 | ആനമഞ്ഞൾ | ജോസ് മാത്യു | അംഗം | 9961707192 |
| 14 | കരുവുള്ളടുക്കം | ഷോബി ജോസഫ് | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 9447864955 |
| 15 | വെള്ളരിക്കുണ്ട് | ഷാജൻ പി ജെ | അംഗം | 9496139485 |
| 16 | കല്ലഞ്ചിറ | ശ്രീജ എം | അംഗം | 8281087139 |
| 17 | കനകപ്പള്ളി | എ വി ശ്യാമള | അംഗം | 9747821123 |

## ഗ്രാമപഞ്ചായത്ത് ജീവനക്കാർ

| | |
|---|---|
| സെക്രട്ടറി | : ഗോകുൽ ജി ഗോപ് |
| അസിന്റന്റ് സെക്രട്ടറി | : മധു എം |
| ഹെഡ് ക്ലർക്ക് | : വിനോദ് കുമാർ പി വി |
| അക്കൗണ്ടന്റ് | : ഷാജു സി.എസ് |
| സീനിയർ ക്ലർക്ക് | : മനോജ് കെ.വി. |
| സീനിയർ ക്ലർക്ക് | : ഹരിലാൽ കെ |
| ക്ലർക്ക് | : ശ്വേത ജി |
| ക്ലർക്ക് | : ദിൻ ദീപ് പി.പി |
| ക്ലർക്ക് | : രാകേഷ് യു.പി |
| ഓഫീസ് അറ്റൻഡന്റ് | : ഷീന സി |
| ഓഫീസ് അറ്റൻഡന്റ് | : ലത്തീഫ് സി.എച്ച് |
| പാർട്ട്ടൈം സ്വീപ്പർ | : പ്രഭാകരൻ നമ്പ്യാർ |
| ടെക്നിക്കൽ അസിസ്റ്റന്റ് | : സിതാര തമ്പി |
| പ്രൊജക്ട് അസിസ്റ്റന്റ് | : ഷെറീന യൂസഫ് |
| ഹെൽത്ത് നിൻസ്പെക്ടർ | : സിജി കെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | |
|---|---|
| സെക്രട്ടറി | : ഗോകുൽ ജി ഗോപ് |
| അസിസ്റ്റന്റ് സെക്രട്ടറി | : മധു എം |
| അസി. എഞ്ചിനിയർ | : സതീശൻ എം.കെ |
| കൃഷി ഓഫീസർ | : നിഖിൽ നാരായണൻ |
| വെറ്ററിനറി സർജൻ | : ഡോ. പി കാർത്തികേയൻ |
| ഐ സി. ഡി. എസ്.സൂപ്പർവൈസർ | : രബിത കണ്ണൻ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. കൊന്നക്കാട് | : ഡോ രേഷ്മ ടി കല്ല്യാൻ |
| ആയുർവ്വേദം | : ഡോ. ജിജി വി |
| ഹോമിയോ | : ഡോ. അളക എം അജയ് |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | : കവിത രാജ് കെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | : ജിനേഷ് എ |
| ഹെഡ്മാസ്റ്റർ | : ശ്രീധരൻ പി.എം. |
| ഡയറി ഫാം ഇൻസ്ടക്ടർ | : എബിൻ ജോർജ്ജ് |

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് വിഭാഗം

| | |
|---|---|
| അക്രഡിറ്റഡ് എഞ്ചിനീയർ | : റോബിൻ പി.സി |
| ഓവർസിയർ | : മേരി പി.കെ<br>കീർത്തന എം |
| അക്കൗണ്ടന്റ് കം ഐ.റ്റി അസിസ്റ്റന്റ് | : ജോണി ജോസഫ് |
| ഐ.റ്റി. അസിസ്റ്റന്റ്സ് | : ശ്രീഹരിക്കുട്ടി എം |
| എ.ഐ.റ്റി.എ. | : സുജാത ഇ |

## കുടുംബശ്രീ

| | |
|---|---|
| സി.ഡി. എസ്. ചെയർപേഴ്സൺ | : മേരി ബാബു |
| സി.ഡി.എസ് വൈസ് ചെയർപേഴ്സൺ | : വാസന്തി കെ |
| അക്കൗണ്ടന്റ് | : അജിത മധു എം |

## ബളാൽ പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങൾ

താലൂക്ക് ഓഫീസ് വെള്ളരിക്കുണ്

സപ്ലൈ ഓഫീസ്, വെള്ളരിക്കുണ്ട്

ആർ.ടി.ഒ. ഓഫീസ്, വെള്ളരിക്കുണ്ട്

ലീഗൽ മെട്രോളജി, വെള്ളരിക്കുണ്ട്

സബ് ട്രഷറി, വെള്ളരിക്കുണ്ട്

കൃഷി ഓഫീസ്, ബളാൽ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, ബളാൽ, മാലോം

പോലീസ് സ്റ്റേഷൻ, സർക്കിൾ പോലീസ് സ്റ്റേഷൻ, വെള്ളരിക്കുണ്ട്

ആയുർവ്വേദ ഡിസ്പെൻസറി, മാലോം

ഹോമിയോ ഡിസ്പെൻസറി, ബളാൽ

മൃഗാശുപത്രി കൊന്നക്കാട്

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സെന്റ് ജൂഡ്സ് ആർട്സ് & സയൻസ് കോളേജ്, വെള്ളരിക്കുണ്ട്

ഗവ. ഹയർസെക്കൻ്ററി സ്കൂൾ – മാലോത്ത് കസ്ബ

ഗവ. ഹയർസെക്കൻ്ററി സ്കൂൾ – ബളാൽ

സെന്റ് എലിസബത്ത് ഹയർസെക്കണ്ടറി സ്കൂൾ (അൺ എയ്ഡഡ്) വെള്ളരിക്കുണ്ട്

സെന്റ് ജൂഡ്സ് ഹയർസെക്കന്റി സ്കൂൾ വെള്ളരിക്കുണ്ട്

സെന്റ് സാവിയോ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, വള്ളിക്കടവ് –

സെന്റ് ജോസഫ് എ.യു.പി.എസ്. കരിവുള്ളടുക്കം

എസ്.വി.എം., ജി.യു.പി. സ്കൂൾ, എടത്തോട്

ഗവ. എൽ. പി. സ്കൂൾ, കൊന്നക്കാട്

ഗവ. എൽ. പി. സ്കൂൾ, പുഞ്ച

ഗവ. എൽ. പി. സ്കൂൾ, ചുള്ളി

ഗവ. എൽ. പി. സ്കൂൾ, കനകപ്പള്ളി

നിർമ്മലഗിരി എൽ. പി. സ്കൂൾ വെള്ളരിക്കുണ്ട്

സെന്റ് ജൂഡ്സ് എൽ. പി. സ്കൂൾ ചെമ്പഞ്ചേരി

കെ.ഐ.എ.എൽ. പി. സ്കൂൾ കല്ലൻചിറ

**പോസ്റ്റ് ഓഫീസുകൾ**

മുട്ടോംകടവ്, കൊന്നക്കാട്, വള്ളിക്കടവ്, ദർഘാസ്, ചുള്ളി –വെള്ളരിക്കുണ്ട്, ബളാൽ, കനകപ്പള്ളി

**ഐ.സി.ഡി.പി. സബ് സെന്ററുകൾ**

മാലോം, പാത്തിക്കര, ബളാൽ, എടത്തോട്

**കുടുംബ ക്ഷേമഉപകേന്ദ്രങ്ങൾ**

മുട്ടോംകടവ്, മാലോം, ചുള്ളി, കുഴിങ്ങാട്, ബളാൽ, പള്ളത്തുമല

**സഹകരണ ബാങ്ക്**

മാലോം സർവ്വീസ് സഹകരണ ബാങ്ക് (ബ്രാഞ്ചുകൾ) കൊന്നക്കാട്,

മാലോം, എടത്തോട്, വെള്ളരിക്കുണ്ട്

(സായാഹ്ന ശാഖ) വെള്ളരിക്കുണ്ട്,

കാർഷിക ക്ഷേമ ഗ്രാമ വികസന സഹകരണ സംഘം, വെള്ളരിക്കുണ്ട്

**മറ്റ് ബാങ്കുകൾ**

കേരള ഗ്രാമീണ ബാങ്ക് വള്ളിക്കടവ്, വെള്ളരിക്കുണ്ട്

കേരള ബാങ്ക് (ജില്ലാ ബാങ്ക്) വെള്ളരിക്കുണ്ട്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വെള്ളരിക്കുണ്ട്

യൂണിയൻ ബാങ്ക് വെള്ളരിക്കുണ്ട്

**വനിത ബാങ്കുകൾ**

കൊന്നക്കാട്, മാലോം, ബളാൽ

**ക്ഷീരവികസന സൊസൈറ്റികൾ**

കൊന്നക്കാട്, മാലോം, ബളാൽ, വെള്ളരിക്കുണ്ട്, എടത്തോട്

**കമ്മ്യൂണിറ്റി ഹാളുകൾ**

ചെരുമ്പക്കോട്, മൈക്കയം, മൈക്കയം കമ്മാടി, മാലോം (രാജീവ് ഗാന്ധി സാംസ്കാരിക നിലയം), ഇന്ദിരാഗാന്ധി കമ്മ്യൂണിറ്റി ഹാൾ ദർഘാസ്, പാടികോളനി,

പൂവ്വത്തുംമൊട്ട കമ്മ്യൂണിറ്റി ഹാൾ, മരുതോം, കാര്യോട്ടുചാൽ കമ്മ്യൂണിറ്റി ഹാൾ, അരിങ്കല്ല്, പയാളം, എറാംചിറ്റ, കുറുമാണം, ബളാൽ, കൊന്നക്കാട്

**വയോജന വിശ്രമകേന്ദ്രങ്ങൾ**

കൊന്നക്കാട്, മാലോം, വെള്ളരിക്കുണ്ട്, ഇടത്തോട്

**വായനശാലകൾ**

എടത്തോട് വായനശാല & ഗ്രന്ഥാലയം ചേരിപ്പാടി കുഞ്ഞിക്കണ്ണൻ നായർ വായനശാല ബളാൽ കെ. കെ. എം. പബ്ലിക് ലൈബ്രറി കൊന്നക്കാട്

**പാലിയേറ്റീവ് സെന്റർ**

പഞ്ചായത്ത് പാലിയേറ്റീവ് കെയർ സെൻ്ററർ, ബളാൽ ചൈത്രവാഹിനി പാലിയേറ്റീവ് കെയർ സെൻ്ററർ – കൊന്നക്കാട്

**വെയ്റ്റിംഗ് ഷെഡുകൾ**

കൊന്നക്കാട്, വള്ളിക്കടവ്, മാലോം, വലിപുഞ്ച, കരുവുള്ളടുക്കം, പാത്തിക്കര, മങ്കയം, വള്ളിക്കടവ് സ്കൂൾ, കല്ലൻചിറ, കനകപ്പള്ളി, എടത്തോട്, നായ്ക്കയംതട്ട്

**പൊതുശൌചാലയം**

കൊന്നക്കാട്, മാലോം, വെള്ളരിക്കുണ്ട്, ബളാൽ

**ജലനിധി മോട്ടർപുര ടാങ്ക്, കിണർ, കുളം, ബോർവെൽ**

മുട്ടോംകടവ്, കടവത്തുമുണ്ട, മൈക്കയം, വള്ളിക്കടവ്, വലിയപുഞ്ച, ചെത്തിപ്പുഴത്തട്ട്, എടക്കാനം, കാര്യോട്ടുചാൽ, ചെമ്പക്കുളം, പൂവത്തുമൊട്ട, പാത്തിക്കര, ച്ചുള്ളി, ആനമഞ്ഞൾ, തളികത്തട്ട്, കരുവുള്ളടുക്കം, കാറളം, ബളാൽ, അരിങ്കല്ല്, മുണ്ടമാണി, കനകപ്പള്ളി, പയാളം, പള്ളത്തുമല, ചേരിപ്പാടി, കുഴിങ്ങാട്, അരീക്കര

**<u>ചെക്ക്ഡാം കം ബ്രിഡ്ജ്</u>**

മഞ്ചുച്ചാൽ, അശോകച്ചാൽ, അച്ചൻകല്ല്, ചാമക്കളം, മൈക്കയം, കമ്മാടി, ദേവഗിരി, മുറക്കോട് മോതിരക്കുന്ന്, മാലോം, ഞാണിക്കടവ്, ദർഘാസ്, പുഞ്ച സ്ക്കൂൾ, പുഞ്ച ക്രിസ്ത്യൻ കോളനി, ബന്തമല, കാഞ്ഞിരക്കുണ്ട്– 2, മരുതോം, വെള്ളരിക്കുണ്ട്, മങ്കയം, കുഴിങ്ങാട്, അരീക്കര, കായക്കുന്ന്, ബളാൽ അമ്പലം, അള്ളാംകുഞ്ഞി, കായക്കുന്ന്, ഇടത്തോട്, വള്ളിച്ചിറ്റ.

**അങ്കണവാടികൾ – 29**

## അധ്യായം 1

## വികസനസ്ഥിതി അവസ്ഥ

2014 ഫെബ്രുവരി മാസം 21–ാം തീയതി അന്നത്തെ കേരളമുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി വെള്ളരിക്കുണ്ട് താലൂക്കിന്റെ ഉദ്ഘാടനം ബളാൽ പഞ്ചായത്തിലെ വെള്ളരിക്കുണ്ടിൽ നിർവ്വഹിച്ചതിനെ തുടർന്ന് ബളാൽ പഞ്ചായത്തിൻറെ വികസന വളർച്ചയ്ക്ക് തുടക്കം കുറിച്ചു. തുടർന്ന് താലൂക്ക് സപ്ലൈ ഓഫീസ്, ആർ.ഡി.ഓഫീസ്, ഹെഡ് പോസ്റ്റ്ഓഫീസ്, ലീഗൽ മെട്രോളജി ഓഫീസ് തുടങ്ങിയവ കൂടി വെള്ളരിക്കുണ്ടിൽ പ്രവർത്തനം ആരംഭിച്ചു. ബളാൽ പഞ്ചായത്തിൽ ആരോഗ്യ മേഖലയിൽ വെള്ളരിക്കുണ്ട് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, കൊന്നക്കാട് കുടുംബാരോഗ്യ കേന്ദ്രം , മാലോം ആയുർവേദ ഡിസ്പെൻസറി , പാലച്ചാൽ ഹോമിയോ ഡിസ്പെൻസറി ഏഴ് സബ്ബ് സെന്ററുകളും പ്രവർത്തിക്കുന്നു.

ബഹു.എം.എൽ. എ ശ്രീ.ഇ.ചന്ദ്രശേഖരൻ ആസ്തി വികസന ഫണ്ടിൽ നിന്ന് തുക അനുവദിച്ച പുതുതായി നിർമ്മിച്ച  കെട്ടിടത്തിൽ ഗ്രാമപഞ്ചായത്ത് അനുബന്ധ സൌകര്യങ്ങൾ ഒരുക്കി നല്ല രീതിയിൽ ആയുർവ്വേദ ആശുപത്രി പ്രവർത്തിക്കുന്നു. കൊന്നക്കാട് പ്രവർത്തിക്കുന്ന മൃഗാശുപത്രിയും സബ്ബ് സെന്ററുകളും പഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ സ്വകാര്യ ക്ലിനിക്കുകളും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസ മേഖലയിൽ മാലോത്ത് കസബ, വെള്ളരിക്കുണ്ട് സെന്റ്ജൂഡ് , ബളാൽ ജി.എച്ച്.എസ്.എസ്. എന്നീ മൂന്ന് ഹയർ സെക്കൻഡറി സ്ക്കൂളുകളും , അഞ്ച് എ.എൽ.പി.സ്കൂൾ, ഒരു യു.പി. എന്നിവയും സ്വകാര്യ മേഖലയിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ എന്നിവ പ്രവർത്തിക്കുന്നു. പൊതുമരാമത്ത് വിഭാഗത്തിൽ പഞ്ചായത്ത് റോഡ് 300 കിലോമീറ്ററിൽ അധികം റോഡുകൾ ഉണ്ട്. അവയിൽ 200 ൽ അധികം കിലോ മീറ്ററുകൾ ടാർ ചെയ്തത് ഗതാഗത യോഗ്യമാക്കി കഴിഞ്ഞു.

## ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

പ്രകൃതി രമണീയമായ ബളാൽ പഞ്ചായത്ത് പശ്ചിമഘട്ടത്തിൽ സ്ഥിതി ചെയ്യുന്നു. ഒരു നൂറ്റാണ്ട് മുമ്പുവരെ ഈ പഞ്ചായത്തിൻറെ സിംഹഭാഗവും അനഭിഗമ്യങ്ങളായ വനപ്രദേശമായിരുന്നു. പശ്ചിമ ഘട്ടത്തിലെ ഉയർന്ന പാറക്കെട്ടുകളും വനഭൂമിയും കഴിഞ്ഞാൽ ബാക്കി ഭാഗം നല്ല കൃഷിഭൂമിയാണ്.

മലനിരകളിൽ നിന്നും ഒഴുകിയെത്തുന്ന ജലസ്രോതസ്സുകൾ താഴ്വരയിൽ വെച്ച് ചൈതവാഹിനി പുഴയായി രൂപം കൊള്ളുന്നു. കിഴക്കു നിന്നും പടിഞ്ഞാറോട്ടു ചരിഞ്ഞ പർവ്വത പ്രദേശങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന പുഴകളെല്ലാം പടിഞ്ഞാറോട്ടു ഒഴുകി അറബി കടലിൽ പതിക്കുന്നു.

ബളാലിൻറെ പരിസ്ഥിതി ഭൂമിശാസ്ത്രസംരക്ഷണത്തിൽ വനങ്ങളുടെ പങ്ക് നിസ്തുലമാണ്. പള്ളത്തുമല കുണ്ടുപള്ളി, അരിങ്കല്ല്, മരുതോം, കോട്ടഞ്ചേരി, വെന്തമല, ഇടക്കാനം എന്നിവ പ്രകൃതി ശാസ്ത്രജ്ഞരുടെ ശ്രദ്ധ പതിഞ്ഞ സ്ഥലങ്ങളാണ്. മിക്ക വന ഭൂമിയും ഉയർന്ന കുന്നിൻ പ്രദേശങ്ങളിലായതിനാൽ വിനോദസഞ്ചാരികളുടെ പ്രസക്തി തിരിച്ചറിയേണ്ടതും ഇക്കോട്ടൂറിസം ആശയം നടപ്പിലാക്കാവുന്നതുമാണ്.

## സാമൂഹിക സാമ്പത്തിക സാംസ്കാരികസ്ഥിതി

വനപ്രദേശമായിരുന്ന ബളാൽ പഞ്ചായത്തിൽ മാവിലർ, മലവേട്ടുവർ, മലക്കുടിയർ മാറാട്ടികളും ആദിവാസികളുമായിരുന്നു. കാട്ടുകിഴങ്ങുകൾ തിന്നും മലദൈവങ്ങളെ ആരാധിച്ചും പുനം കൃഷി ചെയ്തും ഇവർ ജീവിച്ചിരുന്നു. ഫല പ്രദമായ പച്ചമരുന്നുകളും മന്ത്രവാദങ്ങളും ഇവരുടെ ചികിത്സാരീതിയായിരുന്നു. കാർഷികബന്ധങ്ങളിൽ അഴിച്ചുപണി നടന്നതോടുകൂടി കാർഷിക മേഖ ലയിൽ പണിയെടുക്കാത്ത കുടിയാ ാർ പുരോഗതിയിലേക്കുള്ള ചവിട്ടുപടികൾ കയറിതുടങ്ങിയെങ്കിലും പുരോഗതിയിലേക്കുള്ള പാതയിലാണ് .

ഇന്നത്തെ ബളാൽ പ്രദേശങ്ങളിൽ വാണിരുന്ന ബാലിക്കടക്കോൻ എന്ന നായർ തറവാട്ടുകാരുടെ ക്ഷയത്തോടു കൂടി ബളാൽ അരീക്കര പ്രദേശങ്ങൾ, തക്കരിപ്പൂർ, ഉടുമ്പുന്തല എന്നീ പ്രമുഖ മുസ്ലീം കുടുംബത്തിൻറെയും ഇടത്തോട്ടു ചേരിപ്പാടി കുടുംബത്തിൻറെയും മാലോം മേഖല കോടോത്ത് കുടുംബത്തിന്റെ യും കൊന്നക്കാട്

മേഖല ക്ലായിക്കോട്ട ചെറുവിട്ടാര കുടുംബത്തിൻറെയും അ ധീനതയിലായി.എന്നാൽ ക്രമേണ കാസർഗോഡിൻറെ തന്നെ വടക്കൻ ഭാഗങ്ങളിൽനിന്നും അനേകം നായർ കുടുംബങ്ങളും യാദവർ (മണിയാണി), തീയ്യർ തുടങ്ങിയ ജന വിഭാഗങ്ങളും ഇവിടെ താമസം തുടങ്ങി.

1948 മുതൽ തിരുവിതാംകൂർ കുടിയേറ്റം വ്യാപകമായി. കുടിയേറ്റ ജനത യുടെ ആവിർഭാവത്തോടുകൂടി ഒരു പുത്തൻ സംസ്കാരം ഉടലെടുത്ത് കേവലം പുനം കൃഷിയും മുത്താറിയും ചാമയം തെനയും തുവര എന്നീ ധാന്യവിളകൾ കൃഷി ചെയ്തിരുന്ന സ്ഥാനത്ത് റബ്ബർ, തേങ്ങ, അടയ്ക്ക, കുരുമുളക് എന്നീ നാണ്യ വിളകളുടെ ആവിർഭാവം ഈ നാടിന്റെ പരിവർത്തനത്തിൽ നിർണ്ണായക പങ്ക് വഹിച്ചു.

## അധ്യായം 2

## നടപ്പ് സാമ്പത്തിക വർഷപദ്ധതി അവലോകനം

2025–26 പദ്ധതി വർഷം അവസാനിക്കാൻ ഇനിയും ആഴ്ചകൾ അവ ശേഷിക്കുന്നുണ്ട്. അവസാന നാല് മാസങ്ങളിലാണ് പദ്ധതി ചെലവ് ഭൂരിഭാഗവും നടന്നു വരുന്നത്. ബളാൽ ഗ്രാമപഞ്ചായത്തിൽ 2025–26 വർഷത്തെ പദ്ധതി അവലോകനം ചെയ്യുമ്പോൾ 70 ശതമാനത്തോളം ഫണ്ട് ഇതിനകം ചെലവഴിച്ചു കഴിഞ്ഞതായി കാണാം. 40 ഓളം പുതിയ പദ്ധതികളും 74 സ്പിൽ ഓവർ പദ്ധതികളും ഇതിനകം പൂർത്തിയായിക്കഴിഞ്ഞു. മുഴുവൻ പ്രവൃത്തികളും ടെണ്ടർ കഴിഞ്ഞ് പ്രവൃത്തി ആരംഭിച്ചിരിക്കുകയാണ്.

നടപ്പ് സാമ്പത്തിക വർഷത്തെ പ്രധാന പദ്ധതികളായ വെള്ളരിക്കുണ്ട് ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. കനകപ്പള്ളി വാതക ശ്മശാനം പണി നടന്നു കൊണ്ടിരിക്കുന്നു. ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് മാറ്റി വെച്ച തുക പൂർണ്ണമായി ചെലവഴിച്ച് കഴിഞ്ഞു. 2025–26 വർഷത്തെ സ്പിൽ ഓവർ പ്രവർത്തികളും ഏതാണ്ട് എൺപതി ശതമാനത്തിലധികം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. പൊതുമരാമത്ത് പ്രവർത്തികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണങ്ങൾ പൂർ ത്തിയാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നു. കൃഷി, ആരോഗ്യം, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ ഏറ്റെടുത്ത പ്രോജക്ട്ടുകൾ പൂർത്തീകരിച്ച് കഴിഞ്ഞു. റ്റി.എസ്.പി. പ്രോജക്ട്ടുകൾ, വിവാഹധനസഹായം തുടങ്ങിയവ പൂർത്തീകരിച്ചു. വിവാഹ ധനസഹായം 2025–26 ൽ 44 പേർക്കും നടപ്പ് വർഷം 1 ലക്ഷം രൂപ വീതം നൽകി. മറ്റ് വ്യക്തിഗത പ്രോജക്ട്ടുകൾ നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസ മേഖലയിൽ മാറ്റി വെച്ച തുകയും ചെലവഴിച്ചി ട്ടുണ്ട്. ഈ സാമ്പത്തികവർഷം നൂറ് ശതമാനം പദ്ധതിവിഹിതം ചെലവഴിക്കുവാൻ സാധിക്കും എന്ന ശുഭാപ്തിവിശ്വാസം ഭരണസമിതിക്ക് ഉണ്ട്.

## അധ്യായം 3

## പ്രശ്നവിശകലനവും പരിഹാരസാധ്യതകളും

### (1) പൊതുഭരണവും ധനകാര്യവും

ബളാൽ ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവര മാ ന്നു. ആഫീസിന്റെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി ഐ.എസ്.ഒ സർട്ടിഫിക്കറ്റ് കരസ് കർ മാക്കി. ഘടകസ്ഥാപനങ്ങളായ മൃഗാശുപത്രി, കൃഷിഭവൻ, കുടുംബാരോഗ്യ കേന്ദ്രം, ആയുർവേദ ആശുപത്രി, ഹോമിയോ ആശുപത്രി, വില്ലേജ് എക്സ്റ്റൻഷൻ ആഫീസ്, അങ്കണവാടികൾ, ഐ.സി.ഡി.പി സബ്സെന്ററുകൾ, എൽ.പി.സ്കൂളുകൾ തുടങ്ങിയവയുടെ പ്രവർത്തനവും ജനോപകരാര പ്രദമായി നടക്കുന്നു. ക്ഷേമപെൻഷനുകൾ, ജനനമരണ വിവാഹ രജിസ്ട്രേഷൻ പദ്ധതി ആസൂത്രണം കെട്ടിട നികുതി ഇടപാടുകൾ , ബിൽഡിംഗ് പെർമിറ്റ് എന്നിവയും കൂടാതെ ജനങ്ങൾക്ക് നൽകുന്ന മുഴുവൻ സേവനങ്ങളും കെ–സ്മാർട്ടിലൂടെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ സാധിച്ചിട്ടുണ്ട്.

എല്ലാ വിഭാഗം പൊതുജനങ്ങളും ദൈനംദിനം നിരവധിയായ ആവശ്യങ്ങൽക്കായി സമീപിക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ സദ്ഭരണത്തിൻറെ പ്രാധാന്യം തദ്ദശസ്ഥാപനങ്ങളിൽ വളരെ പ്രധാനമാണ് . പഞ്ചായത്തിനെ സമീപിക്കുന്ന ഏതൊരു പൌരനും മെച്ചപ്പെട്ട സേവനം സമയപരിധിയ്ക്ക് ഉള്ളിൽ നിന്നുകൊണ്ട് ലഭ്യമാക്കുക എന്നതാണ് സദ്ഭര ണത്തിൻറെ ലക്ഷ്യം. ഓഫീസുകളുടെ പശ്ചാത്തല സൌകര്യങ്ങൾ, ജീ വനക്കാരുടെ എണ്ണം, കാര്യക്ഷമമായ മാനേജ്മെന്റ് , തീർപ്പാക്കേണ്ട അപേക്ഷകളുടെ എണ്ണം കമ്പ്യൂട്ടർവൽക്കരണം എന്നിവ സദ്ഭരണത്തിന്റെ ഗതി നിർണ്ണയിക്കുന്ന ഘടകങ്ങളാണ്.

### (2)കൃഷിയും അനുബന്ധമേഖലകളും

ബളാൽ ഗ്രാമപഞ്ചായത്തിനെ മലയോര പ്രദേശമായാണ് കണക്കാക്കുന്നത്. ആകെയുള്ള 932 (3 ഹെക്ടർ ഭൂമിയിൽ 0–3% ചെരിവുള്ള 555 ഹെക്ടർ ഭൂമിയും 3–8% ചെരിവുള്ള 1825 ഹെക്ടർ ഭൂമി യും 8–25% ചെരിവുള്ള 2860 ഹെക്ടർ ഭൂമിയും 25% മുകളിൽ ചെരിവുള്ള 4080 ഹെക്ടർ ഭൂമിയും ആണ്. ബളാൽ ഗ്രാമപഞ്ചായത്തിൻറെ ആകെ വിസ്തീർണം 93.2 ച.കി.മി ആണ്. ഇതിൽ 8479.3 ഹെക്ടർ ഭൂമി കൃഷിയിടമാണ്.

മുഖ്യമായും നാണ്യവിളകളായ റബ്ബർ, തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ്, ഇഞ്ചി, കപ്പ, വാഴ എന്നിവയാണ് ഇവിടുത്തെ കർഷകർ ആശ്രയിക്കുന്നത്. റബ്ബർ 5120 ഹെക്ടറിലും തെങ്ങ്, കവുങ്ങ്, വാഴ, കശുമാവ്, കുരുമുളക്, ഇഞ്ചി, കപ്പ മുതലാവ യഥാക്രമം 1725, 850,275, 110, 100, 32, 30 ഹെക്ടറിലും കൃഷി ചെയ്തുവരുന്നു. പഞ്ചായത്തിന്റെ സഹകരണത്തോടെ 4.2 ഹെക്ടറിൽ നെൽകൃഷി ചെയ്തുവരുന്നുണ്ടെങ്കിലും നെൽകൃഷി കൂടുതലായി വ്യാപിപ്പിക്കേ ണ്ടത് നാടിൻറെ ഭക്ഷ്യസുരക്ഷക്കു അത്യന്താപേക്ഷിതമാണ്.

കാർഷിക ജോലികൾക്കു തൊഴിലാളികളെ ലഭിക്കാത്തതു കാരണം തേങ്ങ പറിക്കുന്നതിനും തെങ്ങ്, കവുങ്ങ്, കുരുമുളക് എന്നിവയിൽ രോഗ–കീടപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും, നെൽപാടങ്ങളിൽ കള പറിക്കുന്നതിനും കൊയ്ത്തു നടത്തുന്നതിനും വളരെയധികം ബുദ്ധിമുട്ടു നേരിടുന്നുണ്ട്. യന്ത്രവൽകൃത കൃഷിയിലൂടെ മാത്രമേ ഇതിനു പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂ. ഒപ്പം യുവാക്കളെ കൃഷിയിലേക്കു ആകർഷിക്കാൻ ഉതകുന്ന പദ്ധതികൾ വിഭാവനം ചെയ്യേണ്ട സമയം അക്രമിച്ചിരിക്കുന്നു.

മുൻകാലങ്ങളെ അപേക്ഷിച്ചു കൂടുതൽ കർഷകർ ജൈവകൃഷിയോട് ആഭിമുഖ്യം കാണിക്കുന്നത് വളരെയധികം പ്രതീക്ഷ നൽകുന്നു. ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടേയും ലഭ്യത ഉറപ്പുവരുത്തിയാൽ മാത്രമേ കൂടുതൽ കർഷകരെ ജൈവകൃഷിയിലേക്ക് ആകർഷിക്കാൻ സാധിക്കുകയുള്ളൂ. പഞ്ചായത്തു തലത്തിൽ ഒരു ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നത് മാലിന്യസംസ്കരണത്തിനും കർഷകർക്ക് മിതമായ നിരക്കിൽ ഗുണമേന്മയുള്ള ജൈവവളം ലഭ്യമാക്കുന്നതിനും സഹായകമായിരിക്കും. യഥാസമയം മണ്ണ് പരിശോധന നടത്തി അതിൻ ഫലപ്രകാരമുള്ള വളപ്രയോഗരീതി കർഷകർ അവലംബിക്കാൻ മടിക്കുന്നത് പല വിളകളുടെയും ഉൽപാദനം ഗണ്യമായി കുറയുന്നതിന് കാരണമാകുന്നു. ബളാലിലെ കാർഷികമേഖല നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ് വന്യമൃഗങ്ങളുടെ ആക്രമണം,വാഴ, ഇഞ്ചി, മഞ്ഞൾ, കപ്പ മുതലായ വിളകൾ വന്യമൃഗങ്ങളിൽനിന്ന് സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് ഭൂരിഭാഗം കർഷകരുടെയും ആവശ്യമാണ്. പ്രവചനാതീതമായ കാലാവസ്ഥയിൽ വിളനാശം സംഭവിക്കുന്നത് നിത്യസംഭവമായതിനാൽ നമ്മുടെ കർഷകർ കൃഷി വകുപ്പിൻറെ വിള ഇൻഷുറൻസ് പദ്ധതിയിൽ നിർബ്ബന്ധമായും ചേരേണ്ടതാണ്. കൂടുതൽ തരിശു നിലങ്ങളെ പച്ചക്കറി കൃഷിക്കായും കര നെൽകൃഷിക്കായും ഉപയോഗപ്പെടുത്തുന്നത് കർഷകർക്കും

പഞ്ചായത്തിനും ഒരേപോലെ മുതൽക്കൂട്ടായിരിക്കും. മഴക്കാലത്തും പച്ചക്കറി കൃഷി ചെയ്യുന്നതിന് മഴമറ, ജലസംരക്ഷണത്തിനു തുള്ളി നന , തിരിനന , പ്ലാസ്റ്റിക് പുതയിടൽ തുടങ്ങിയ നൂതന ആശയങ്ങൾ കർഷകർ അവലംബിച്ചാൽ മാത്രമേ കാർഷിക മേഖലയിലെ ഉൽപാദനം വർദ്ധിപ്പിക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ. പരമ്പരാഗത വിളകളിൽനിന്നും മാറി പുഷ്പകൃഷി, ഔഷധ സസ്യകൃഷി, ഫലവൃക്ഷകൃഷി എന്നിവ ചെയ്യുന്നതിനും കൂടുതൽ കർഷകർ മുന്നോട്ടുവരണം കൂട്ടായ പ്രവർത്തനങ്ങളിലൂടെ മാത്രമേ ബളാലിൽ ഒരു കാർഷിക വിപ്ലവം സാധ്യമാവൂ. ഇതിനു ഓരോ വിളകളെയും അടിസ്ഥാനമാക്കിയുള്ള ക്ലസ്റ്ററുകൾ രൂപീകരിക്കുന്നത്. പദ്ധതികൾ ഫലപ്രദമാക്കുന്നതിനു സഹായകരമായിരിക്കും.

## (3) മൃഗസംരക്ഷണവും ക്ഷീരവികസനവും

കാർഷികമേഖലയിലെ ഒരു പ്രധാന ഉപമേഖലയാണ് മൃഗസംരക്ഷണ മേഖല. പശു, ആട്, കോഴി, പന്നി, മുയൽ എന്നിവയെക്കൊണ്ട് ഉപജീവനം നടത്തുന്ന ആളുകൾ ധാരാളമുണ്ട്. പാലും പാലുൽപ്പന്നങ്ങൾക്കും പുറമെ മുട്ട, മാംസം, വളം എന്നിവയും ഈ മേഖലയിൽ നിന്നും ലഭിക്കുന്നു.

ക്ഷീരമേഖല നേരിടുന്ന പ്രധാന പ്രശ്നം കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവാണ്. പച്ചപ്പുല്ലിന് പുറമെ കാലിത്തീറ്റയുടെ വിലയും ധാതുലവണ മിശ്രിതങ്ങളുടെ വിലയും ക്ഷീരകർഷകരെ സാരമായി ബാധിക്കുന്നു. കൂടാതെ പ്രത്യുല്പാദന മേഖലയിലെ പ്രശ്നങ്ങൾ, രോഗം, പ്രതിരോധം എന്നിവ കൂടാതെ കറവമേഖലയിലും പശുക്കളുടെ പരിപാലന മേഖലയിലും കോഴിഫാം മേഖലയിലും പരിശീലനം ലഭിച്ച തൊഴിലാളികളുടെ ലഭ്യത കുറവ് ഈ മേഖലയെ ബാധിക്കുന്നു.

മൃഗസംരക്ഷണം ലാഭകരമായി നടത്തുന്നതിനാവശ്യമായ പ്രധാന ഘടകമാണ് ശാസ്ത്രീയമായ കാലിത്തൊഴുത്ത്. നല്ല തൊഴുത്തിന്റെ അഭാവം പശുവിൻറെ ആരോഗ്യം, പാൽ ഉല്പാദനം എന്നിവയെ ബാധിക്കുന്നു. അതോടൊപ്പം ചികിത്സാ സൗകര്യത്തിനായി എടത്തോട് , ബളാൽ പോലെയുള്ള പ്രദേശത്തിൽ നിന്ന് 20 കിലോമീറ്ററിലധികം സഞ്ചരിച്ച് കൊന്നക്കാട് മൃഗാശുപത്രിയിൽ ചെന്നു സേവനം കൈപ്പറ്റുക എന്നതു പ്രായോഗിക ബുദ്ധിമുട്ടുളവാക്കുന്നു.

ബളാൽ ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയ്ക്ക് പുത്തനുണർവ്വ് നൽകിക്കൊണ്ട് കാർഷിക മൃഗസംരക്ഷണ പദ്ധതികൾ ജനോപകാരപ്രദമായി കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കുകയുണ്ടായി. ഇതുമൂലം ബളാൽ പഞ്ചായത്തിലെ പാൽ

ഉൽപ്പാദനം , മുട്ട ഉൽപ്പാദനം, ഇറച്ചി ഉൽപ്പാദനം എന്നിവയിൽ വർദ്ധനവുണ്ടായി. ചികിത്സാരംഗത്തെ മികവിനുവേണ്ടി പഞ്ചായത്ത് ഫണ്ടിൽ നിന്നും ആവശ്യമായ മരുന്നുകളും ലഭ്യമാക്കുന്നു. കാലിത്തീറ്റ വിതരണ പദ്ധതി ക്ഷീരകർഷകർക്ക് വളരെയധികം ആശ്വാസം പകരുകയും കൂടുതൽ കർഷകർ മൃഗസംരക്ഷണ മേഖലയിലേക്ക് ഈ നാളുകളിൽ കടന്നു വരികയുമു ായി. കോവിഡ് കാലത്ത് ഗ്രാമീണരുടെ അതിജീവനത്തിന് കാരണമായത് മൃഗ സംരക്ഷണ മേഖലയായിരുന്നു

## മൃഗസംരക്ഷണം വികസനലക്ഷ്യം

പാലാഴി പദ്ധതി മുഖേനയും ഇതര സ്കീമുകൾ മുഖേനയും വനിതകൾക്ക് പുതുതായി 55 സങ്കരവർഗ്ഗ കറവപശുക്കളേയും പട്ടികവർഗ്ഗ വനിതകൾ ക്ക് 16 എണ്ണത്തിനേയും വിതരണം ചെയ്തു. 160 ഗർഭിണി പശുക്കൾക്ക് 6 മാസത്തേക്ക് ഒരു ചാക്ക് കാലിത്തീറ്റ വീതം നൽകി കറവ പരിപോഷിപ്പിച്ച് പാലുൽപാദനം വർദ്ധിപ്പിക്കുന്നു. 15 ലക്ഷം രൂപ പാലുൽപാദനത്തിനു ഇൻസെൻറീവ് ആയി നൽകുന്നു. മുട്ടയുൽപാദനത്തിൽ സ്വയംപര്യാപ്തതയിലേക്കെത്താനായി ആയിരം ഗുണഭോക്താക്കൾക്ക് 10 വീതം മുട്ടക്കോഴികളെ വിതരണം ചെയ്യുന്നു കൂടാതെ കറവ പശു വളർത്തൽ , ആട് വളർത്തൽ , പോത്തുകുട്ടി വളർത്തൽ തുടങ്ങിയവയും ഈ വർഷം നടപ്പിലാക്കുന്നു.

## (4) പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം ഉൾപ്പടെ)

ചെറുകിട വ്യവസായ മേഖലയിൽ പറയത്തക്ക നേട്ടങ്ങളൊന്നും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. കാർഷിക മേഖല ആയതിനാൽ അതുമായി ബന്ധപ്പെട്ട മേഖലകളിൽ അനന്ത സാധ്യതകൾ നിലനിൽക്കുന്നക്കുന്നുണ്ടെങ്കിലും മുന്നേറുവാൻ സാധിച്ചിട്ടില്ല.

സംരംഭങ്ങൾ തുടങ്ങിയാൽ അതു വിറ്റഴിക്കാനുള്ള വിപണി ഒരു പ്രശ്നമാണ്. സുലഭ മായ ചക്ക, മാങ്ങ, കശുമാങ്ങ എന്നിവ ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് അതു വിറ്റഴിക്കാനുള്ള പരിചയക്കുറവ്, സംഘബോധമില്ലായ്മ, മൂലധനം മുടക്കി സംരഭങ്ങളാരംഭിച്ചാൽ മാർക്കറ്റിൽ മത്സരിക്കാനുള്ള ശേഷിയില്ലായ്മയും ചെറുകിട വ്യവസായത്തെ ബാധിക്കുന്നു. അതോടൊപ്പം പരിശീലനം ലഭിച്ച ആളുകളുടെ അഭാവവും പരിശീലനം ലഭിക്കുന്നതിനുള്ള സൗകര്യക്കുറവും ചെറുകിട വ്യവസായത്തിനു തടസ്സം നിൽക്കുന്നു.

കുടുംബശ്രീയുടെ നേതൃത്വത്തിൽ നാളികേരം, മാങ്ങ, ചക്ക എന്നിവയുടെ വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കാനും റബ്ബർ മേഖലയിൽ ചെരുപ്പ നിർമ്മാണം, റബ്ബർ ബാൻഡ്,

ടയർ നിർ മ്മാണം എന്നീ ഉല്പന്നങ്ങൾ നിർമ്മിക്കാനും വിപണനം നടത്താനും സാധ്യതകൾ നിലനിൽക്കുന്നു.

## (5)ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പടെ)

വാസയോഗ്യമായ പാർപ്പിടം, തൊഴിൽ ഭക്ഷണം എന്നീ മേഖലകളിൽ ജനങ്ങളുടെ ആ വശ്യങ്ങൾ നിറവേറ്റാൻ നമുക്ക് പൂർണ്ണമായും സാധിച്ചിട്ടില്ല. ലൈഫ് ഭവനപദ്ധതി പ്രകാരം നിരവധി ആളുകൾക്ക് വീടുവെക്കാൻ ധനസഹായം ലഭ്യമായിട്ടുണ്ടെങ്കിലും 25 സെന്റ് എന്ന സ്ഥലത്തിൻറെ മാനദണ്ഡപ്രകാരം നല്ലൊരു വിഭാഗം പദ്ധതിയിൽ നിന്നും പുറത്തായി. നഗര പ്രദേശങ്ങളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സ്ഥലം 25 സെന്റ് എന്ന മാനദണ്ഡം മലയോര പഞ്ചായത്തുകളിലും നിർദ്ദേശിക്കപ്പെടുന്നത് അർഹരായ ഗുണഭോക്താക്കൾ പദ്ധതിക്ക് പുറത്താകുന്നതിന് കാരണമാകുന്നു. പഞ്ചായത്ത് തലത്തിൽ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള പദ്ധതികളും വരൾച്ച ബാധിച്ച മേഖലയിൽ കുടിവെള്ളമെത്തിക്കാനുള്ള നടപടികളും പൂർത്തിയാക്കിയിരിക്കുന്നു.

മലയോര പ്രദേശങ്ങളിൽ ജനവാസകേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം, മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതി കൈവരിക്കൽ ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കൽ, ഒഡി.എഫ്. പദ്ധതിപ്രകാരം ശൂചിമുറികൾ, വൈദ്യുതി എത്താത്ത വീടുകൾക്ക് വൈദ്യുതി, കുടിവെള്ളം ലഭിക്കാത്തവർക്ക് കുടിവെള്ളം ലഭ്യമാക്കുക. വലിയൊരു വിഭാഗത്തിനും ജലനിധി പദ്ധതി പ്രകാരം കുടിവെള്ളവും ഒ.ഡി.എഫ്. പ്രകാരം ശൂചിത്വമുറിയും നൽകിയിട്ടുണ്ട്. ബാക്കി വരുന്നവർക്കും ഇവ നൽകാനുള്ള പദ്ധതി ആവിഷ്കരിക്കുന്നു.

## ലൈഫ് ഭവനപദ്ധതി

ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് മാന്യവും സുരക്ഷിതവുമായ ഭവന ങ്ങളും ജീവനോപാധികളും ലഭ്യമാക്കുന്ന കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ് മിഷൻ. ഒന്നും രണ്ടും ഘട്ടത്തിൽ പൂർത്തായാകാത്ത വീടുകളുടെ പൂർത്തീകരണവും വീടില്ലാത്തവർക്ക് ഭവനനിർമ്മാണവും ഏറ്റെടുത്തു. മൂന്നാം ഘട്ടത്തിൽ ഭൂരഹിതരായ കുടുംബങ്ങളക്ക് സ്ഥലം വാങ്ങി വീട് വെച്ചുകൊടുക്കുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. ഗ്രാമപഞ്ചായത്ത് മാറ്റിവെക്കുന്ന വികസന ഫണ്ടിന്റെ 20 ശതമാനം തു കയും ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും എസ്.സി/എസ്.ടി ഡിപ്പാർട്ട്മെന്റ് ഫണ്ടും സംസ്ഥാന

സർക്കാർ വിവഹിതവും ഹഡ്കോ വായ്പയും ഇതിനായി വിവിയോഗിക്കുന്നു. ഹഡ്ക്കോയിൽ നിന്നും എടുക്കുന്ന വായ്പ പഞ്ചായത്ത് ഗഡുക്കളായി 15 വർഷം കൊണ്ട് തിരിച്ചടക്കുന്നു.

ലൈഫ് ഭവനപദ്ധതിക്ക് ബളാൽ ഗ്രാമപഞ്ചായത്ത് മുന്തിയ പരിഗണനയാണ് നൽകുന്നത്. എസ്.ടി വിഭാ ഗത്തിന് 6 ലക്ഷം രൂപ നൽകേണ്ടിയിരുന്നിടത്ത് ഉണ്ടായിരുന്ന സാങ്കേതിക പ്രശനം പരിഹരിച്ചു. ബാക്കി നൽകേണ്ടിയിരുന്ന 2 ലക്ഷം രൂപ വീതം നല്കി തുടങ്ങി. സർക്കാരിൽ നിന്നും ഫണ്ടി ലഭ്യമാകുന്ന മുറക്ക് മുഴുവൻ ഗുണഭോക്താക്കൾക്കും സമയ ബന്ധിതമായി പണം ലഭ്യമാക്കുന്നു.പഞ്ചായത്തിലെ മുഴുവൻ അർഹരായ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകി സപൂർണ്ണ ഭവന പഞ്ചായത്തായി മാറുകയെന്നതാണ് ലക്ഷ്യം.

**(6)സാമൂഹ്യനീതി(ഭിന്നശേഷിയുള്ളവർ കുട്ടികൾ, വൃദ്ധർ ഉൾപ്പടെ)**

ബളാൽ പഞ്ചായത്തിൽ നിലവിലുള്ള 29 അങ്കണവാടികളിൽ 26 എണ്ണത്തിനും സ്വന്തമായി കെട്ടിടമുണ്ട്. 2 എണ്ണം വാടക കെട്ടിടത്തിലും 1 എണ്ണം പൊതു കെട്ടിടത്തിലും പ്രവർത്തിക്കുന്നു. 23 കെട്ടിടങ്ങൾക്ക് നിലവിൽ വൈദ്യുതി ലഭ്യമായിട്ടുണ്ട്. ഇതിൽ 3 എണ്ണത്തിനു സ്വന്തമായി കിണറും 2 എണ്ണത്തിനു ജലനിധിയുടെ കണക്ഷനും ഉണ്ട്.

വൃദ്ധജനങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിതരണം അഗതി ആശ്രയ ഭക്ഷ്യധാന്യ വിതരണം,ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണവും കാര്യക്ഷമമായി നടന്നു വരുന്നു.

കുടിവെള്ളക്ഷാമം പരിഹരിക്കൽ, ബേബി ഫ്രണ്ട്ലി ടോയ്ലറ്റിൻറെ നിർമ്മാണം, കെട്ടിടങ്ങളില്ലാത്ത അങ്കണവാടിക്ക് പുതിയ കെട്ടിടം, വൈദ്യുതി ലഭ്യമാക്കൽ, സംരക്ഷണ ഭിത്തി നിർമ്മിക്കൽ,കളിസ്ഥലം എന്നിവകൂടി പദ്ധതി കാലയളവിൽ നടത്തേണ്ടതുണ്ട്. വൃദ്ധർക്കായി വയോജന വിശ്രമകേന്ദ്രങ്ങളും അതോടൊപ്പം വിശ്രമകേന്ദ്രങ്ങളിൽ യോഗ ക്ലാസ്സുകളും ഇപ്പോൾ നടത്തി വരുന്നുണ്ട്.

**(7)വനിതാവികസനം**

സമൂഹത്തിൻറെ പുരോഗതി ലക്ഷ്യമാക്കി സ്ത്രീശാക്തീകരണത്തിനായി അങ്കണവാടികൾ മുഖാന്തരം ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര

പ്രായത്തിലുള്ള പെൺകുട്ടികൾ തുടങ്ങിയവർക്കായി ആരോഗ്യപോഷണ പരിപാടികൾ നടത്തിവരുന്നു.

വനിതകളുടെ സ്വയംതൊഴിൽ പദ്ധതി ലക്ഷ്യമാക്കി പശുവളർത്തൽ ആടുവളർത്തൽ, കോഴി വളർത്തൽ എന്നിവയ്ക്ക് സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകിവരുന്നു. സ്വയം തൊഴിൽ ചെയ്യുന്നതിനായി തുടങ്ങിയ തുണിസഞ്ചി നിർമ്മാണം ഒരുപരിധിവരെ നല്ല നിലയിൽ പ്രവർത്തിക്കുന്നു. എങ്കിൽ പോലും ആവശ്യമായ വിപണി കണ്ടെത്താനുള്ള പ്രയാസം പ്രസ്തുത യൂണിറ്റുകൾ നേരിടുന്നു.

അങ്കണവാടി പ്രവർത്തകർക്ക് അധിക ഓണറേറിയം നൽകിവരുന്നു. വിധവ പെൻഷൻ , വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായവും അങ്കണവാടികൾ മുഖേന ഗർഭിണിയായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്കും അനുപൂരക പോഷകാഹാരം നൽകിവരുന്നു.

## <u>(8)പട്ടികജാതി പട്ടികവർഗ്ഗ വികസനം</u>

കാസർഗോഡ് ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പഞ്ചായത്തുകളിലൊന്നാണ് ബളാൽ. മാവിലർ, മലവേട്ടുവർ, മറാട്ടി വിഭാഗത്തിൽപെട്ട ആദിവാസി വിഭാഗക്കാരാണ് പട്ടികവർഗ്ഗക്കാരിൽ ഏറെയും. സാമൂഹിക, സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ പിന്നോക്കാവസ്ഥയിലായിരുന്ന ഇവരുടെ പുരോഗതി ശ്രദ്ധേയമാണ്. കഴിഞ്ഞ പദ്ധതി കാലയളവിൽ നിരവധി ആളുകൾക്ക് ഭവന നിർമ്മാണത്തിനു സാമ്പത്തിക സഹായവും ഭവന പുനരുദ്ധാരണ സഹായവും ശുചിത്വമുറിയും വൈദ്യുതി കണക്ഷനും ലഭിച്ചു എങ്കിലും വാസയോഗ്യമല്ലാത്ത വീട്ടിൽ താമസിക്കുന്നവരും ഉപയോഗ യോഗ്യമല്ലാത്ത ശുചിത്വമുറി ഉപയോഗിക്കുന്നവും വൈദ്യുത കണക്ഷൻ ഇല്ലാത്തവരും ഉന്നതികളിൽ അങ്ങിങ്ങായി കാണാനുണ്ട്. ഭൂരഹിതരായ കുടുംബങ്ങളും സ്വന്തമായി ശുദ്ധജലം ഇല്ലാത്തവരും ഉന്നതികളിലുണ്ട്.

അങ്കണവാടികളിലേക്കും സ്കൂളുകളിലേക്കും കുട്ടികളെ എത്തിക്കുന്നതിന് കാര്യക്ഷമമായ ഇടപെടലുകൾ നടക്കുന്നു. പരമ്പരാഗത തൊഴിൽ ഉല്പന്നങ്ങളായ കൊട്ട, വട്ടി, പായ എന്നിവയുടെ നിർമ്മാണം പരിശീലിപ്പിക്കുകയോ പരിചയപ്പെടുത്തി കൊടുക്കുകയോ ചെയ്യാത്തതിനാൽ വിസ്മൃതിയിലാണ്ടുപോകുന്ന അവസ്ഥയിലാണ്. ഗവൺമെന്ററിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ട

രീതിയിൽ വിനിയോഗിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണവും നടത്തി വരുന്നു.

പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിൽ എത്തിക്കാനായി എല്ലാ ഉന്നതികളിലും സമഗ്രവികസനം നടപ്പാക്കണം. വാസയോഗ്യമായ പാർപ്പിടം, വൈദ്യുതി, കുടിവെള്ളം, ഗതാഗതത്തിനുള്ള റോഡുകൾ, ശുചിത്വമുറികൾ എന്നിവ ലഭ്യമാക്കുന്നതോടൊപ്പം വിവിധങ്ങളായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി വെള്ളരിക്കുണ്ട് ആസ്ഥാനമായി പ്രീമെ ടിക് – പോസ്റ്റ് മെടിക് ഹോസ്റ്റലുകൾ സ്ഥാപിക്കണം.

## ആരോഗ്യ രംഗം

പാരമ്പര്യവൈദ്യരേയും നാട്ടുവൈദ്യരേയും ആശ്രയിച്ചുകഴിഞ്ഞിരുന്ന ചികിത്സ മേഖല1970 മുതൽ പുതിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. 1971 ൽ വെള്ളരിക്കുണ്ട് റൂറൽ ഡിസ്പെൻസറിയായി ആരംഭിച്ച സ്ഥാപനം തുടർന്ന് പി.എച്ച്.സി യായും പ്രവർത്തിച്ചിരുന്നു. ഈ സമയങ്ങലിൽ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലായിരുന്നു. ഇപ്പോൾ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട ഈ സ്ഥാപനം പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ്. നല്ല രീതിയിലുള്ള ലബോറട്ടറിയും വെള്ളരിക്കുണ്ട് ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്നു. രോഗികളുടെ ബാഹുല്യത്തിനനുസരിച്ച് കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് കീഴിലുള്ള കൊന്നക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിന് എല്ലാ വിധ അടിസ്ഥാന സൌകര്യങ്ങളും ഒരുക്കുന്നു.

മാലോത്ത് ആയുർവ്വേദ ഡിസ്പെൻസറിയും 1972 ൽ ബളാൽ ഹോമിയോ ഡിസ്പെൻസറിയും സ്ഥാപിച്ചു.ഇവ കൂടാതെ വെള്ളരിക്കുണ്ടിലും മാലോത്തും കൊന്നക്കാട്ടും ഇടത്തോട്ടും സ്വകാര്യ ആശുപത്രികളും മെഡിക്കൽ ഷോപ്പുകളും പ്രവർത്തിക്കുന്നുണഅട്. ആരോഗ്യ സേവനരംഗത്തു ബളാൽ കനകപ്പള്ളി എടത്തോട്, ചുള്ളി, മാലോം, കൊന്നക്കാട് എന്നിവിടങ്ങളിൽ കുടുംബക്ഷേമ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

ബളാൽ ഹോമിയോ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തി പുതിയ കെട്ടിടമുണ്ടാക്കുകയും ആവശ്യത്തിനു ഡോക്ടർമാരരെയും ജീവനക്കാരെയും നിയമിക്കുകയും മാലോം ആയുർവേദ ആശുപത്രിയും താലൂക്ക് ആശുപത്രിയായി ഉയർത്തി ഡോക്ടർമാരെയും ജീവനക്കാരെയും നിയമിച്ചാൽ നമ്മുടെ പഞ്ചായത്ത്

ചികിത്സാമേഖലയിൽ നേരിടുന്ന പ്രയാസം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

**<u>പാലിയേറ്റീവ്</u>**

ബളാൽ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ്കെയർ പ്രവർത്തനത്തിൻറെ ഭാഗമായി മാസത്തിൽ 20 ദിവസങ്ങളിൽ കിടപ്പുരോഗികളുടെ വീട്ടിൽ പോയി അവർക്ക് വേണ്ട പരിചരണങ്ങളും സേവനങ്ങളും മരുന്നും നൽകുന്നു. കൂടാതെ പഞ്ചായത്തിൻറെ ആഭിമുഖ്യത്തിൽ പി.എച്ച്.സി. മുഖേന നിത്യരോഗികൾക്ക് ആവശ്യമായ മരുന്നുകളും നൽകുന്നു.

കൂടാതെ കൊന്നക്കാട് ചൈത്രവാഹിനി പാലിയേറ്റീവ് സൊസൈറ്റിയും വെള്ളരിക്കുണ്ട് കേന്ദ്രമായി പ്രവർത്തിക്കുന്ന ബളാൽ പാലിയേറ്റീവ് സൊസൈറ്റിയും രോഗപരിചരണ സാമ്പത്തിക സഹായവും ഭക്ഷ്യവസ്തു വിതരണവും വിദ്യാഭ്യാസ സഹായവും ചെയ്തു വരുന്നു.

ബഹു. റവന്യൂ വകുപ്പ് മന്ത്രി അദ്ദേഹത്തിൻറെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് ജീപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

അഗതി ആശ്രയ കുടുംബത്തിൽ പെട്ടവർക്കും പഞ്ചായത്ത് സാമ്പത്തിക മേഖലയിലും വിദ്യാഭ്യാസ മേഖലയിലും സഹായം നൽകുന്നതു കൂടാതെ മാസം തോറും ഭക്ഷണത്തിനു ആവശ്യമായ സഹായങ്ങളും നൽകുന്നു.

**<u>(10)കുടിവെള്ളം, മാലിന്യസംസ്കരണം</u>**

കാസർഗോഡിന്റെ ചിറാപുഞ്ചിയെന്നറിയപ്പെടുന്ന ബളാൽ പഞ്ചായത്ത് സമൃദ്ധിയായ മഴ കൊണ്ടും ചാലുകളും നീരുറവകളും പുഴകൾ കൊണ്ടും അനുഗ്രഹീതമാണ്. ഭൂരിഭാഗം പ്രദേശങ്ങളും ചെരിഞ്ഞ ഭൂഘടനയായതിനാൽ പെയ്ത്ത മഴ വെള്ളം ഒഴുകി പോവുകയും ഭൂമിയിലെ ജല നിരപ്പ് ഉയർത്താൻ സഹായിക്കുന്നില്ല. ചെക്ക് ഡാമുകൾ വഴിയും നീർത്തട പദ്ധതികൾ വഴിയും പഞ്ചായത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. എങ്കിൽ പോലും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കൊടും വരൾച്ച അനുഭവപ്പെടുന്നു.

ജലനിധി പദ്ധതികൾ വഴി കിണർ, കുളം, കുഴൽ കിണർ ഇവ നിർമ്മിച്ച ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിച്ചെങ്കിലും ഉയർന്ന പല പ്രദേശങ്ങളിലും ഈ സംവിധാനം എത്തിക്കാൻ സാധിക്കാത്ത അവസ്ഥ ഇനിയും നില

നിൽക്കുന്നു. ഈ പ്രശ്നത്തിനു പരിഹാരം കാണാനായി എല്ലാ വീടുകളിലും മഴ വെള്ളസംഭരണ പദ്ധതികൾ നടപ്പിലാക്കുക എന്നുള്ളതാണ്. ഇതുകൂടാതെ നിലവിലുള്ള ജലസ്രോതസ്സുകൾ പരമാവധി സംരക്ഷിച്ച ആവശ്യമായ അറ്റകുറ്റപണികൾ ചെയ്ത് ഉപയോഗപ്രദമാക്കുക എന്നുള്ളതാണ്.

## ശുചിത്വമാലിന്യ സംസ്കരണം

മാലിന്യ സംസ്കരണം ബളാൽ പഞ്ചായത്തിൽ പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് അടിസ്ഥാന സൌകര്യങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. സമ്പൂർണ്ണ മാലിന്യ മുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് ഹരിതകർമ്മ സേന പ്രവർത്തനം വിപുലപ്പെടുത്തേണ്ടതുണ്ട്.. വിവിധ വീടുകളിൽ നിന്നും ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം എം.സി.എഫി ൽ ശേഖരിക്കുന്നു. ശേഖരിക്കുന്ന മാലിന്യങ്ങൾ രണ്ടാം ഘട്ടതരം തിരിക്കലിനാവശ്യമായ സൌകര്യങ്ങൽ നിലവിലില്ല അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കേണ്ടതുണ്ട് . നിലവിൽ ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് വീടുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നതിന് മാസം 50 രൂപ വിതവും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്നതിന് പ്രതിമാസം 100 രൂപ വീതവും ഈടാക്കുന്നു. ഈ തുക ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിന് ഉപയോഗിക്കുന്നു. ഹരിതകർമ്മസേനയെ ആദായകരമായ സംരഭമാക്കി മാറ്റുന്നതിനുള്ള സഹായം കുടുംബശ്രീ ചെയ്തു നൽകേണ്ടതാണ്.

ശുചിത്വമിഷനിൽ നിന്ന് ലഭിക്കുന്ന വിഹിതയും ധനകാര്യകമ്മീഷൻ ഗ്രാന്റും ഉപയോഗിച്ച് വിവിധങ്ങളായ മാലിന്യ സംസ്കരണ ശുചിത്വ സംവിധാനങ്ങൾ ഒരുക്കുന്നു.

## (11)വിദ്യാഭ്യാസം, കല, സംസ്കാരം, കായികം, യുവജനക്ഷേമം

അറിവുസമ്പാദിച്ച വിദ്യാസമ്പന്നരായ ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടു കൂടി 1952 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഇടത്തോടു സ്ഥാപിതമായ സ്കൂളാണ് വിദ്യാഭ്യാസ മേഖലയിൽ ബളാൽ പഞ്ചായത്തിലെ ആദ്യത്തെ കാൽ വെപ്പ്. അതോടു കൂടി ബളാൽ, വെള്ളരിക്കുണ്ട്, മാലോത്ത് കസബ എന്നിവിടങ്ങളിലും പ്രൈമറി സ്കൂളുകൾ സ്ഥാപിതമായി.

ബളാൽ പഞ്ചായത്തിൽ 2 ഹയർസെക്കണ്ടറി സ്കൂളുകളും 5 എൽ.പി.സ്കൂളുകളും 1 യു.പി.സ്കൂളും സർക്കാർ മേഖലയിലും ഒരു ഹയർസെക്കണ്ടറി സ്കൂൾ ഒരു യു.പി.സ്ക്കൂളും 2 എൽപി സ്കൂളുകൾ എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്നുണ്ട്.

ഭൗതിക സാഹചര്യങ്ങളിൽ പൊതു വിദ്യാലയങ്ങൾ ഏറെ മുന്നിലെത്തിയിരിക്കുന്നു. എൽപി. വിഭാഗത്തിൽ ഹൈടെക്ക് ക്ലാസ് മുറികൾ നിലവിൽ വന്നു കഴിഞ്ഞു. കുന്നിൻ പ്രദേശങ്ങളിൽ താമസിക്കുന്ന എസ്.സി. എസ് എടീ കുട്ടികളെ സ്കൂളിലെത്തിക്കാനുള്ള ഗോതസാരഥി, ട്രൈബൽ ഡിപ്പാർട്ട്മെന്റിൽ നടപ്പിലാക്കുന്ന ഗോതവാഹിനി പദ്ധതികകളും എം.പി.ഫണ്ടിൽ നിന്നും അനുവദിച്ച കിട്ടിയ സ്കൂൾ ബസും ഒരു പരിധിവരെ കുട്ടികളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നു.

ഫർണിച്ചറിന്റേയും വൈദ്യുതിയുടെയും അഭാവം കുട്ടികളെ പഠനത്തിൽ നിന്നും പിന്നോട്ടടിക്കുന്നു. മലമുകളിൽ നിന്നും അതിരാവിലെ തന്നെ പുറപ്പെട്ടു സ്കൂളിലെത്തുന്ന ചെറിയ കുട്ടികൾക്ക് പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്നുണ്ട്.കുട്ടികൾക്ക് ഇഷ്ടപ്പെട്ട തൊഴിൽ തെരഞ്ഞെടുക്കുന്നതിനും കലാരംഗത്തും സാങ്കേതിക രംഗത്തും പ്രോത്സാഹനം ആവശ്യമാണ്. കായിക രംഗത്ത് താല്പര്യമുള്ള കുട്ടികൾക്ക് ആവശ്യമായ പരിശീലനം വിദഗ്ധരാ കോച്ചുകളെ ഉപയോഗിച്ച് പഞ്ചായത്ത്തലത്തിൽ നൽകിവരുന്നുണ്ട്.

നമ്മുടെ നാട് നേരിടുന്ന മറ്റൊരു ഭീഷണി ഉന്നത വിദ്യാഭ്യാസം നേടിയ സമർത്ഥരായ കുട്ടികൾ തൊഴിൽ തേടി അന്യസംസ്ഥാനങ്ങളിൽ ചേക്കേറുന്നതാണ്. കാലത്തിനനുസൃതമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവവും തൊഴിൽ മേഖലയുടെ അഭാവം നാം നേരിടുന്നു.

പൊതു വിദ്യാഭ്യാസത്തിൻറെ അന്തസത്തയ്ക്ക് ഭംഗം വരാതെ സമഗ്രമായ വിദ്യാഭ്യാസ വികസന രേഖ നമുക്കുണ്ടാകണം

## (12) പൊതുമരാമത്ത്, ഊർജ്ജം

ബളാൽ ഗ്രാമപഞ്ചായത്ത് 93.2.കി.മീ. വലുപ്പമുണ്ട്. കാർഷിക മേഖലയുടെ പുരോഗതിക്കു റോഡുകൾ അത്യന്താപേക്ഷിതമാണ്. ആവശ്യത്തിനായി ഉപയോഗിച്ചിരുന്ന ചെങ്കുത്തായ കയറ്റങ്ങളുള്ള റോഡുകൾ നാട്ടുകാരുടെ സഹായത്തോടെ ഗതാഗത യോഗ്യമാക്കുവാൻ സാധിച്ചു. അടിസ്ഥാന വികസനത്തിന്റെ നട്ടെല്ലായ റോഡുകളിൽ 70 ശതമാനം റോഡുകൾ പഞ്ചായത്ത് ടാർ റോഡുകളാക്കി ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ളയും ടാർ ചെയ്യാനും ടാർ ചെയ്ത റോഡുകൾ സംരക്ഷിക്കുവാനും പഞ്ചായത്ത് പ്രതിജ്ഞാബദ്ധാമാണ്.

ഏറ്റവും കൂടുതൽ മഴലഭിക്കുന്ന പഞ്ചായത്തായ ബളാലിൽ ചെങ്കുത്തായ ചെരിവുകൾ ഉള്ളതിനാൽ മഴ വെള്ളം കുത്തിയൊലിച്ച് ഓരോ വർഷവും റോഡുകൾ

ഗതാഗത യോഗ്യമല്ലാതാകുന്നു. ഭരണ സമിതി പൊതു മരാമത്ത് മേഖലയിൽ വളരെയധികം ഊന്നൽ നൽകിയിട്ടുണ്ട്. അകണവാടികൾക്കും കൈമാറി കിട്ടിയ ഘടക സ്ഥാപനങ്ങൾക്കും പുതിയ കെട്ടിടം പണിയുന്നതിനും അവയുടെ അറ്റകുറ്റ പണി നടത്തുന്നതിനും അവ സംരക്ഷിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. അതോടൊപ്പം പുതുതായി അങ്കണവാടി കെട്ടിടങ്ങളും കമ്മ്യൂണിറ്റി ഹാളുകളും വെയിറ്റിംഗ് ഷെഡുകളും നിർമ്മിക്കുവാനും നിർമ്മിച്ചവ സംരക്ഷിക്കാനും ഉള്ള കർമ്മ പദ്ധതികൾ ബളാൽ പഞ്ചായത്ത് വിഭാവനം ചെയ്യുന്നു.

## 13.ദുരന്തനിവാരണം

മഴക്കാലത്തോടനുബന്ധിച്ച് വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ ഉൾപ്പടെയുള്ള പ്രകൃതി ദുരന്തങ്ങൾ പഞ്ചായത്തിൽ വർദ്ധിച്ചു വരുന്നു. പഞ്ചായത്തിൽ ദുരന്തമാനേജ്മെന്റ് പ്ലാൻ തയാറാക്കിയിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ ദുരന്തമാനേജ്മെന്റ് പ്ലാനുകൾ തയാറാക്കേണ്ടതുണ്ട്

പഞ്ചായത്തിലെ മഴക്കാല ദുരിതാശ്വാസ ക്യാമ്പ് വള്ളിക്കടവ് മാലോത്ത് കസബളിൽ എല്ലാ വർഷവും ഒരുക്കാറുണ്ട്. ഉയർന്ന പ്രദേശങ്ങളിൽ പെയ്യുന്ന മഴ വെള്ളം കുത്തിയൊലിച്ച് വലിയ ശക്തിയിൽ താഴ്വാരങ്ങളിലേക്ക് ഒഴുകി മണ്ണൊലിപ്പും നാശനഷ്ടങ്ങളും ഉണ്ടാകുന്നത്തടയുന്നതിനു വേണ്ടി തൊഴിലുറപ്പ് പദ്ദതിയിൽ ഉൾപ്പെടുത്തി മരവൽകരണവും പുൽമേടുകളുടെ നിർമ്മാണവും ഏറ്റെടുക്കാവുന്നതാണ്. വീടുകളുടെ മേൽക്കൂരയിൽ നിന്നും വിഴുന്ന ജലം സംഭരിച്ച് കിണറിലേക്ക് അരിച്ചിറക്കിയുള്ള ജലസംരക്ഷണ പ്രവർത്തികൽ ഏറ്റെടുക്കാവുന്നതാണ്. ഇങ്ങനെ ചെയ്യുന്നതിലൂടെ പരമാവധി ജലം മണ്ണിലേക്കിറക്കുന്നതിന് സാധിക്കും

## 14. മത്സ്യവികസനം

സുഭിക്ഷ കേരള പദ്ധതിയുടെ ഭാഗമായി മത്സ്യ കൃഷി ബളാൽ പഞ്ചായത്തിൽ ആരംഭിച്ചു. ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുകയും ഉൾനാടൻ മത്സ്യ കൃഷി പ്രോൽസാഹിപ്പിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ബളാൽ പഞ്ചായത്തിൽ വീട്ടുവളപ്പിലെ മത്സ്യ കൃഷി എന്ന പദ്ധതിയും നടപ്പിലാക്കുന്നു

**15.പട്ടികജാതിവികസനം**

2011 ലെ സെൻസസ് പ്രകാരം ബളാൽ ഗ്രാമപഞ്ചായത്തിൽ എസ്.സി ജനസംഖ്യ 57 മാത്രമാണ് ഈ വിഭാഗത്തിലുള്ള മുപ്പതോളം കുടുംബങ്ങൾ പഞ്ചായത്തിൽ വസിക്കുന്നു..മണ്ണാൻ, പരവൻ, വേലൻ, തണ്ടൻ, സാംബവർ, പുലയൻ, മൊഹർ, കണക്കൻ എന്നീ സമുദായത്തിൽ പ്പെട്ട വരാണ് ഇവർ.പഞ്ചായത്തിൽ പട്ടികജാതിവർക്കിങ്ങ് ഗ്രൂപ്പ് രൂപീകരിച്ച് കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ രൂപ രേഖ തയ്യാറാക്കുന്നു.

## അധ്യായം 4

## വികസനകാഴ്ചപ്പാട്

ബളാൽ ഗ്രാമപഞ്ചായത്ത് കുടക് വനാതിർത്തിയോട് ചേർന്നു കിടക്കുന്ന കുന്നുകളും താഴ്വാരങ്ങളും നീർച്ചാലുകളും വനങ്ങളുമുള്ള പ്രകൃതി മനോഹരമായ പ്രദേശമാണ്. ഈ പഞ്ചായത്തിലെ കോട്ടഞ്ചേരി ഇടക്കാനം, കമ്മാടി, പാടി, മരുതുംകുളം, കോട്ടക്കുന്ന്, പള്ളത്തുംമല, പാലച്ചുരത്തട്ട്, മരുതോം ശിവഗിരി എന്നീ പ്രദേശങ്ങൾ പ്രത്യേകിച്ച് അതിമനോഹരമായ കാഴ്ചകൾ സഞ്ചാരികൾക്ക് നൽകുന്നതുംഹിൽസ്റ്റേഷനുകളുംആണ്. ഈപ്രദേശങ്ങളെ കോർത്തിണക്കി ഇക്കോട്ടൂറിസംപ്രമോഷൻപദ്ധതികൾ നടപ്പാക്കണം. ഗതാഗത രംഗത്ത് മലയോര ഹൈവേ എത്രയും വേഗം പൂർത്തീകരിക്കണം. മലയോര പഞ്ചായത്തായ ബളാൽ തൊണ്ണൂറ്റിമൂന്ന് ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തായതിനാൽ ഗ്രാമീണ റോഡുകളിലെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കല്ലൻചിറ ബളാൽ രാജപുരം ജില്ലാപഞ്ചായത്ത് റോഡും കൂടാതെ പഞ്ചായത്ത് റോഡുകളും മെക്കാഡം ടാർ ചെയ്യുന്നതിന് ആവശ്യമായ ഫണ്ട് സർക്കാർ പഞ്ചായത്തുകൾക്ക് അനുവദിക്കണം. അങ്കണവാടികൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ ഹൈടെക് ആയി ഉയർത്തി വിദ്യാഭ്യാസത്തിന്റെ ഗുണമേൻമ വർദ്ധിപ്പിക്കണം. മണ്ണ്, ജലസംരക്ഷണ പ്രവർത്തികളിലൂടെയും വനവൽക്കരണത്തിലൂടെയും പ്രകൃതിയെ സംരക്ഷിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കി മണ്ണും ജലവും പ്രകൃതിയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ,കൃഷിവകുപ്പ് മുഖേനയും മഹാത്മാഗാന്ധിതൊഴിലുറപ്പ്പദ്ധതി എന്നിവയിലൂടെയും നടപ്പിലാക്കാനുള്ള പദ്ധതികൾ രൂപംകൊടുത്തുവരുന്നു. മേൽപറഞ്ഞപ്രവർത്തികളിലൂടെപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിടുന്നു.

സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിനായി സ്വയം പര്യാപ്തമായ ഗ്രാമം ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. വീടില്ലാത്തവർക്ക് സുരക്ഷിതമായ ഭവനം , ഏവർക്കും കുടിവെള്ള ലഭ്യത, ദാരിദ്ര്യരഹിത പഞ്ചായത്ത് ,പോഷകാഹാര സേവനങ്ങൾ, വിദ്യാഭ്യാസം, പരിസ്ഥിതി സന്തുലനം മെച്ചപ്പെട്ട ഇതര സേവനങ്ങൾ എന്നിവയിലൂടെ സുസ്ഥിര വികസനം ലക്ഷ്യമിടുന്നു.

**പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട്,**

**<u>തന്ത്രം,ലക്ഷ്യം എന്നിവ ഇങ്ങനെ ക്രോഡീകരിക്കാവുന്നതാണ്</u>**

| | |
|---|---|
| കൃഷി അനുബന്ധമേഖല | – ജൈവകൃഷി പ്രോത്സാഹനവും തരിശുരഹിത ഭൂപ്രദേശമാക്കലും ജലസംരക്ഷണ പ്രവർത്തനവും നീർത്തടാധിഷ്ഠാനത്തിൽ മണ്ണ് പരിപാലനവും |
| മൃഗസംരക്ഷണം | – പാലുൽപാദനവർദ്ധാനവ് |
| ദാരിദ്ര്യലഘൂകരണം | – എല്ലാവർക്കും വാസയോഗ്യമായ വീട് |
| പൊതുമരാമത്ത് | – അടിസ്ഥാനസൗകര്യവികസനത്തിൽ ഊന്നി റോഡുകളുടെയും കെട്ടിടങ്ങളുടെയും വികസനവും അനുബന്ധ സൌകര്യങ്ങളും |
| സാമൂഹ്യനീതി | – സാമൂഹ്യക്ഷേമ രംഗത്ത് സമ്പൂർണ്ണവികസനം |
| വിദ്യാഭ്യാസം | – പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് ഊന്നൽ |
| ആരോഗ്യം കുടിവെള്ളം | – അശരണർക്കും ദുർബല വിഭാഗങ്ങൾക്കും സൗജന്യ ചികിത്സ കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ. കുടിവെള്ള പ്രശ്നപരിഹാരം. |
| പട്ടികവർഗ്ഗം/പട്ടികജാതി | – അടിസ്ഥാന സൗകര്യ വികസനവും ദാരിദ്ര്യ നിർമ്മാർജ്ജനവും |

# വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

| ക്രമ നമ്പർ | വിഭവസ്രോതസ്സുകൾ | | വകയിരുത്തുന്നതുവ |
|---|---|---|---|
| 1 | വികസന ഫണ്ട് | സാധാരണ വിഹിതം | 3,47,39,000 |
| 2 | | പട്ടികജാതി ഉപപദ്ധതി വിഹിതം | 4,57,000 |
| 3 | | പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം | 1,38,91,000 |
| 4 | | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 |
| 5 | | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) | 0 |
| | | **ആകെ** | **4,90,87,000** |
| 6 | മെയിന്റനൻസ് ഫണ്ട് | റോഡ് തരം | 1,09,35,000 |
| 7 | | റോഡ് | 4,25,25,000 |
| | | **ആകെ** | **5,34,60,000** |

| ഫണ്ടിന്റെ മേഖല വിഭജനം | | |
|---|---|---|
| ക്രമ നമ്പർ | പ്രത്യേക പദ്ധതി / മേഖല | വകയിരുത്തേണ്ട തുക |
| 1 | ഉൽപാദന മേഖല | 83,37,360 |
| 2 | പാർപ്പിടം | 6947800 |
| 3 | വനിത ഘടക പദ്ധതി | 4213920 |
| 4 | കുട്ടികൾ ഭിന്നശേഷിയുള്ളവർ | 2106960 |
| 5 | വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി / പാലിയേറ്റീവ് കെയർ | 2106960 |

# അനിവാര്യ പദ്ധതികൾക്ക് നീക്കിവെച്ച തുക

| ക്രമ നമ്പർ | നിർബന്ധമായി തുക വകയിരുത്തേണ്ട പ്രത്യേക വിഭാഗത്തിന്റെ / പദ്ധതിയുടെ പേര് | വകയിരുത്തേണ്ട തുക |
|---|---|---|
| 1 | അംഗൺവാടി അനുപൂരക പോഷകാഹാരം | 500000 |
| 2 | എസ്.എസ്.കെ വിഹിതം | 300000 |
| 3 | പാലിയേറ്റീവ് കെയർ അഗതി ആശ്രയ പദ്ധതി | 1500000 |
| 4 | ഐ.കെ.എം വിഹിതം | 140000 |
| 5 | അതിദാരിദ്ര നിർമ്മാർജ്ജനം | 50000 |
| 6 | വാതിൽപ്പടി സേവനം | 50000 |
| 7 | ശാരീരിക മാനസിക<br><br>വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 700000 |

# പ്രത്യേക പദ്ധതികൾ / പരിപാടികൾ

| പട്ടിക ജാതി ഉപ പദ്ധതികൾ | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തുന്ന തുക (വികസന ഫണ്ട്, എസ്.സി.പി) |
| 1 | ലൈഫ് ലോൺ തിരിച്ചടവ് എസ് സി 2025 – 26 | 91400 |
| 2 | പട്ടിക ജാതി കുടുംബങ്ങൾക്ക് പി വി സി കുടിവെള്ള ടാങ്ക് വിതരണം | 35600 |
| 3 | പട്ടിക ജാതി കുടുംബങ്ങളിൽ പെട്ട വയോജനങ്ങൾക്ക് കട്ടിൽ | 30000 |
| 4 | പട്ടിക ജാതി വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം | 300000 |

| പട്ടികവർഗ്ഗ ഉപ പദ്ധതികൾ | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തുന്ന തുക (വികസന ഫണ്ട്, ടി.എസ്.പി) |
| 1 | പട്ടികവർഗ്ഗത്തിൽപെട്ട വനിതകൾക്ക് പെണ്ണാട് വിതരണം | 400000 |
| 2 | പട്ടികവർഗ്ഗ വനിതകൾക്ക് മുട്ടക്കോഴി വിതരണം | 199550 |
| 3 | പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം | 4100450 |
| 4 | പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വയോജനങ്ങൾക്ക് കട്ടിൽ | 400000 |
| 5 | പി എം എ വൈ വിഹിതം നൽകൽ –എസ് ടി | 285000 |
| 6 | പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് പി വി സി കുടിവെള്ള ടാങ്ക് വിതരണം | 500000 |
| 7 | പാടി ഉന്നതി കമ്മ്യൂണിറ്റി ഹാൾ മെയിൻറനൻസ് | 300000 |
| 8 | ലൈഫ് ഭവന പദ്ധതി –എസ് ടി | 1500000 |

| | | |
|---|---|---|
| 9 | ചേരിപ്പാടി ഉന്നതി കുടിവെള്ള പദ്ധതി നവീകരണം | 300000 |
| 10 | എസ്എസ്കെ വിഹിതം നൽകൽ | 200000 |
| 11 | വാദ്യസംഘങ്ങൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ | 500000 |
| 12 | പട്ടികവർഗ്ഗത്തിൽപെട്ട ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | 500000 |
| 13 | നാഗത്തും പാടി ഉന്നതി നടപ്പാത | 500000 |
| 14 | ലൈഫ് ലോൺ തിരിച്ചടവ് എസ് ടി 2026 – 27 | 2778200 |
| 15 | കൊന്നനംകാട് ഉന്നതി സ്ട്രീറ്റ് ലൈറ്റ് – ലൈൻ വലിക്കൽ | 175000 |
| 16 | പാടി ഉന്നതി സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ | 150000 |
| 17 | നമ്പ്യാർ മല ഉന്നതി സ്ട്രീറ്റ് ലൈറ്റ് – ലൈൻ വലിക്കൽ | 300000 |
| 18 | പയാളം ഉന്നതിയിൽ സ്ട്രീറ്റ് ലൈറ്റ് – ലൈൻ വലിക്കൽ | 150000 |
| 19 | പാത്തിക്കര ഉന്നതി സ്ട്രീറ്റ് ലൈറ്റ് – ലൈൻ വലിക്കൽ | 152800 |
| 20 | മരുതോം ഉന്നതിയിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 200000 |
| 21 | അരിങ്കല്ല് ഉന്നതിയിൽ സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ | 300000 |

# ആസ്തി സംരക്ഷണ പദ്ധതി

| നോൺറോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തിയ പദ്ധതികൾ | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക |
| 1 | കൃഷി ഭവൻ ആവർത്തന ചെലവുകൾ 2026-27 | 50000 |
| 2 | നിത്യരോഗികൾക്ക് മരുന്ന് വിതരണം | 300000 |
| 3 | മൃഗാശുപത്രിയുടെ ആവർത്തന ചിലവുകൾ | 100000 |
| 4 | മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ | 200000 |
| 5 | കൊന്നക്കാട് പി എച്ച് സി യുടെ ആവർത്തന ചിലവുകൾ | 150000 |
| 6 | പിഎച്ച്സി യിലേയ്ക്ക് മരുന്ന് വാങ്ങൽ | 300000 |
| 7 | ഡയാലിസിസ് കിറ്റ് വിതരണം | 300000 |
| 8 | കൊന്നക്കാട് ലാബ് ടെക്നീഷ്യൻ വേതനം 2025-26 | 300000 |
| 9 | വെറ്റിനറി സബ് സെൻററുകളുടെ നവീകരണം | 400000 |
| 10 | കൊന്നക്കാട് മൃഗാശുപത്രിയിലേയ്ക്ക് ഫർണീച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 600000 |
| 11 | ഹെൽത്ത് വെൽനസ് സെൻററുകളുടെ നവീകരണം | 472975 |
| 12 | അവയവ മാറ്റ രോഗികൾക്ക് മരുന്ന് വാങ്ങി നൽകൽ | 400000 |
| 13 | ബളാൽ അങ്കൻവാടിക്ക് അടുക്കള നിർമ്മാണം | 500000 |
| 14 | കുറുമാണം കമ്മ്യൂണിറ്റി ഹാളില് വയറിംഗ് | 300000 |
| 15 | അരിങ്കല്ല് കമ്മ്യൂണിറ്റി ഹാളിൽ റൂഫിംഗ് | 400000 |
| 16 | ചുള്ളി അങ്കൻവാടി റൂഫിംഗ് | 300000 |
| 17 | പുല്ലൊടി അങ്കൻവാടി ബേബി ഫ്രണ്ട്ലി ടോയിലറ്റ് വയറിംഗ്കിച്ചന് പ്ലംബിംഗ് റിപ്പയറിംഗ് | 300000 |
| 18 | മാലോം അങ്കൻവാടിയിലേക്ക് മോട്ടോര് പ്ലംബിംഗ് ടാങ്ക് | 200000 |
| 19 | മുട്ടോംകടവ് അങ്കൻവാടിക്ക് പിറകുവശം പാർശ്വഭിത്തി നിർമ്മാണം | 200000 |

| | | |
|---|---|---|
| 20 | പിഎച്ച്സി ലാബ് കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ അടച്ച തുക എച്ച് എം സി യിലേക്ക് തിരികെ അടക്കൽ | 47025 |
| 21 | കുഴിങ്ങാട് കുടുംബക്ഷേമ ഉപകേന്ദ്രം വൈദ്യുതീകരണം | 200000 |
| 22 | എടത്തോട് സായംപ്രഭ കെട്ടിടം മെയിൻറനൻസ് | 200000 |
| 23 | പള്ളത്തുമല അങ്കൻവാടി മെയിൻറനൻസ് | 300000 |
| 24 | കനകപ്പള്ളി അങ്കൻവാടി മെയിൻറനൻസ് | 200000 |
| 25 | വി ഇ ഒ ഓഫീസിലെ ആവർത്തന ചെലവുകള് | 10000 |
| 26 | പഞ്ചായത്തിലെ പഞ്ചായത്തിലെ വിവിധ സ്ക്കുളുകളുടെ ആവർത്തന ചെലവ് | 100000 |
| 27 | പ്രൈമറി സ്ക്കുളുകൾക്ക് ഓഫീസ് ഫർണിച്ചർ വാങ്ങൽ | 200000 |
| 28 | പ്രൈമറി സ്ക്കുൾ വിദ്യാലയങ്ങൾക്ക് ബെഞ്ച് ഡസ്ക് എന്നിവ വാങ്ങൽ | 500000 |
| 29 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 200000 |
| 30 | ഹോമിയോ ഡിസ്പെൻസറിയുടെ ആവർത്തന ചെലവ് | 50000 |
| 31 | എ ഇ ഓഫീസിലെ ആവർത്തന ചെലവ് | 25000 |
| 32 | പാലച്ചുരം ബോർവെല് നിർമ്മാണം | 500000 |
| 33 | കൊന്നക്കാട് പി എച്ച് സി പുതിയ കെട്ടിടത്തിൻറെ അനുബന്ധ പ്രവർത്തികള് | 300000 |
| 34 | മാലോം ആയുർവ്വേദ ആശുപത്രി ഫാർമസി നവീകരണം | 375000 |
| 35 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 500000 |
| 36 | ആയുർവ്വേദ ഡിസ്പെൻസറിയുടെ ആവർത്തന ചെലവുകൾ | 75000 |
| 37 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ലാപ്പ് ടോപ്പ് പ്രിൻ്റർ എന്നിവ വാങ്ങൽ | 150000 |
| 38 | മാലോം ആയുർവ്വേദ ആശുപത്രിക്ക് ലാബ് ആൻറ് പ്രൈമറി ചെക്കപ്പ് ഫെസിലിറ്റി | 250000 |
| 39 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ഫർണിച്ചർ വാങ്ങൽ | 250000 |
| 40 | വെറ്ററിനറി സ്ഥാപനങ്ങള്ക്ക് ഉപകരണങ്ങൾ വാങ്ങാൻ | 100000 |
| 41 | പഞ്ചായത്തിലെ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകളുടെ റിപ്പയറിംഗ് | 500000 |
| 42 | ഐ സി ഡി എസ് സൂപ്പർവൈസറുടെ ഓഫീസിന്റെ ആവർത്തന ചിലവ് | 30000 |
| 43 | അങ്കണവാടികൾക്ക് അടുക്കള ഉപകരണങ്ങൾ വാങ്ങി നൽകൽ | 100000 |

| റോഡ് സംരക്ഷണ ഫണ്ട് വകയിരുത്തിയ പദ്ധതികൾ | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക |
| 70 | നായ്ക്കയം– പാലവളപ്പ് റോഡ് റീ ടാറിംഗ് | 600000 |
| 72 | എടത്തോട് – മുണ്ടപ്ലാവ് റോഡ് റീ ടാറിംഗ് | 400000 |
| 74 | എടത്തോട് – ഒടച്ചനടുക്കം റോഡ് റീ ടാറിംഗ് ഐറിഷ് | 825000 |
| 75 | എടത്തോട് പായാളം – എരംകുന്ന് റോഡ് റീ ടാറിംഗ് | 1000000 |
| 77 | ബളാൽ അരിങ്കല്ല് – ആലടിത്തട്ട് റോഡ് റീ ടാറിംഗ് | 1500000 |
| 78 | തെക്കേവളളി – നിക്കുന്നിൽ റോഡ് റീ ടാറിംഗ് | 800000 |
| 81 | അത്തിക്കടവ് മാമ്പളം റോഡ് റീ ടാറിംഗ് | 800000 |
| 82 | അത്തിക്കടവ് അരീക്കര റോഡ് റീ ടാറിംഗ് | 300000 |
| 83 | ബളാൽ അമ്പലം റോഡ് മെയിൻറനൻസ് | 2000000 |
| 84 | ബളാൽ നായർ കടവ് റോഡ് റീ ടാറിംഗ് | 400000 |
| 88 | ബളാൽ മരുതുംകുളം റോഡ് റീ ടാറിംഗ് | 1500000 |
| 91 | കുഴിങ്ങാട് ചെമ്പഞ്ചേരി റോഡ് റീ ടാറിംഗ് | 500000 |
| 92 | പെരിയാട്ട് റോഡ് റീ ടാറിംഗ് | 500000 |
| 95 | ചുളളി ചർച്ച് – ചുളളി റോഡ് റീ ടാറിംഗ് | 2000000 |
| 96 | ചുളളി മരുതുംകുളം റോഡ് റീ ടാറിംഗ് | 500000 |
| 99 | ദർഘാസ് ഇടക്കാനം റോഡ് മെയിൻറനൻസ് | 2000000 |
| 100 | നമ്പ്യാർമല അളളാൻ കുഞ്ഞി റോഡ് റീ ടാറിംഗ് | 500000 |
| 102 | വളളിക്കടവ് ചേരിപ്പാടി റോഡ് കോൺക്രീറ്റ് – മെയിൻറനൻസ് | 500000 |
| 103 | മാലോം ആനക്കുഴി റോഡ് റീ ടാറിംഗ് വൈഡനിംഗ്ഡ്രെയിനേജ് | 2000000 |
| 105 | കൊന്നക്കാട് മൈക്കയം റോഡ് മെയിൻറനൻസ് | 1500000 |
| 111 | മൈക്കയം കമ്മാടി റോഡ് മെയിൻറനൻസ് | 700000 |
| 112 | മൈക്കയം പുഞ്ച റോഡ് മെയിൻറനൻസ് | 500000 |
| 113 | വളളിക്കൊച്ചി തുമ്പത്തട്ട് റോഡ് മെയിൻറനൻസ് | 500000 |
| 114 | വെങ്കല്ല് ചെറിയ പാമത്തട്ട് റോഡ് മെയിൻറനൻസ് | 1000000 |
| 115 | വെങ്കല്ല് – വലിയ പാമത്തട്ട് റോഡ് മെയിൻറനൻസ് | 1000000 |
| 116 | കൊന്നക്കാട് ജി എൽ പി സ്കൂൾ റോഡ് മെയിൻറനൻസ് | 500000 |
| 117 | വാഴത്തട്ട് വലിയ പാമത്തട്ട് റോഡ് മെയിൻറനൻസ് | 1000000 |
| 118 | വളളിക്കടവ്– നാട്ടക്കൽ റോഡ് മെയിൻറനൻസ് | 1000000 |
| 119 | മാലോം മോതിരക്കുന്ന് റോഡ് മെയിൻറനൻസ് | 1000000 |
| 120 | വളളിക്കടവ് ഒട്ടേമാളം റോഡ് മെയിൻറനൻസ് | 500000 |
| 121 | വളളിക്കടവ് പാങ്കയം റോഡ് മെയിൻറനൻസ് | 500000 |

| | | |
|---|---|---|
| 124 | ചുള്ളി വരിക്കപ്പള്ളി റോഡ് മെയിൻറനൻസ് | 500000 |
| 125 | ആനമഞ്ഞൾ – കൊടിയംകുണ്ട് പുന്നക്കുന്ന് റോഡ് മെയിൻറനൻസ് | 1000000 |
| 126 | പാത്തിക്കര ആനമഞ്ഞൾ ചുള്ളി റോഡ് മെയിൻറനൻസ് | 1000000 |
| 127 | ആനമഞ്ഞൾകുഴി – കൊടിയംകുണ്ട് റോഡ് മെയിൻറനൻസ് | 500000 |
| 129 | കാറളം – പാത്തിക്കര റോഡ് മെയിൻറനൻസ് | 800000 |
| 131 | കാറളം – കണ്ടത്തിൻകര റോഡ് മെയിൻറനൻസ് | 800000 |
| 132 | പാത്തിക്കര – കുട്ടക്കുളം റോഡ് മെയിൻറനൻസ് | 300000 |
| 133 | കാറളം – മയ്യക്കുടി ഉന്നതി റോഡ് മെയിൻറനൻസ് | 400000 |
| 134 | വെള്ളരിക്കുണ്ട് – ബൈപ്പാസ് റോഡ് മെയിൻറനൻസ് | 400000 |
| 135 | വെള്ളരിക്കുണ്ട് – സബ് ട്രഷറി–മണക്കടവ് റോഡ് മെയിൻറനൻസ് | 500000 |
| 136 | മങ്കയം കാനക്കാട്ട് റോഡ് മെയിൻറനൻസ് | 500000 |
| 137 | കല്ലൻചിറ – കുഴിങ്ങാട് ചെമ്പഞ്ചേരി റോഡ് മെയിൻറനൻസ് | 500000 |
| 138 | കല്ലൻചിറ – അരീക്കര റോഡ് മെയിൻറനൻസ് | 1000000 |
| 139 | കനകപ്പള്ളി – ഏറാംചിറ്റ – റോഡ് മെയിൻറനൻസ് | 500000 |
| 141 | പുള്ളിക്കല്ല് – കൊളമ്പ റോഡ് മെയിൻറനൻസ് | 1000000 |
| 142 | പരപ്പ പള്ളി – പള്ളത്തുമല റോഡ് മെയിൻറനൻസ് | 1000000 |
| 143 | കാഞ്ഞിരക്കുണ്ട് – ചമ്പക്കുളം റോഡ് മെയിൻറനൻസ് | 1500000 |
| 144 | കുവക്കോട് ചമ്പക്കുളം റോഡ് മെയിൻറനൻസ് | 1000000 |
| 145 | കണ്ണീർവാടി – പൂവത്തമൊട്ട റോഡ് മെയിൻറനൻസ് | 500000 |
| 170 | കൊന്നക്കാട് തേങ്കയം റോഡ് മെയിൻറനൻസ് | 500000 |

# അധ്യായം 8

# വായ്പാബന്ധങ്ങൾ

ഗ്രാമപഞ്ചായത്തിൽ 2026-27 വർഷത്തിൽ  പദ്ധതികൾ നിരവധിയുണ്ടെങ്കിലും പഞ്ചായത്തിന് ലഭ്യമായ വികസന  ഫണ്ട് മെയിൻറനൻസ് ഗ്രാന്റ് ,ജനറൽ പർപ്പസ് ഫണ്ട് എന്നിവ ഉപയോഗിച്ച് എല്ലാ പദ്ധതികൾക്കും തുക വകയിരുത്താൻ സാധിക്കാത്തതിനാൽ ബാങ്കുകളുടെയും മറ്റ് ധനകാര്യ ഏജൻസികളുടെയും സാമ്പത്തിക സഹായം തേടേണ്ടതായിവരുന്നു. പഞ്ചായത്തിൻറെ തനതായ വരുമാന സ്രോതസ്സ് കെട്ടിട നികുതിയും തൊഴിൽ നികുതിയും മാത്രമാണ്. വ്യവസായ ശാലകളോ സിനിമാ ശാലകളോ പഞ്ചായത്തിൽ ഇല്ല. കച്ചവട സ്ഥാപന ങ്ങളുടെ ലൈസൻസ്, തൊഴിൽ നികുതിയും തനത് ഫണ്ടിൻറെ ഭാഗമാണ്. 59 ലക്ഷം രൂപ മാത്രമാണ് വസ്തു നികുതിയായി ലഭിക്കുന്നത്. പദ്ധതി പ്രവർത്തനത്തിനായി ഈ തുക കൂടി വകയിരുത്തി വരുന്നു.

പഞ്ചായത്തിൻറെ വികസനോൻമുഖമായ പല മേഖലകൾക്കും ആവശ്യാനുസരണം ഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കാൻ ഭരണസമിതി പാടുപെടുകയാണ്.

മേൽ സാഹചര്യത്തിലാണ് വായ്പാബന്ധങ്ങൾ സ്ഥാപിക്കേണ്ടതിന്റെ സാംഗത്യം വെളിപ്പെടുന്നത്. പഞ്ചായത്ത് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തിയിൽ 2 കോടി രൂപയുടെ പ്രവർത്തികൾ 2025-26 വർഷത്തിൽ നടന്നുവരുന്നു. ഈ പദ്ധതി കാലയളവിൽ 3.25 കോടി രൂപ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്ന് വായ്പയായും 25 ലക്ഷം രൂപ പഞ്ചായത്ത് തനത് ഫണ്ടായും വകയിരുത്തുന്നു. കോട്ടഞ്ചേരി ഹിൽസ് ഇക്കോ ടൂറിസം പദ്ധതിക്ക് വേണ്ടി 50 ലക്ഷം രൂപ ടൂറിസം  വകുപ്പിൽ നിന്നും 2 ലക്ഷം  രൂപ തനത് ഫണ്ടും 38 ലക്ഷം രൂപ വായ്പയായും വകയിരുത്തുന്നു.  പഞ്ചായത്തിന് ലഭ്യമാവുന്ന വിവിധ സർക്കാർ ഗ്രാൻറിനൊപ്പം തനത് ഫണ്ട് ഗുണ ഭോക്തൃവിഹിതം എന്നിവയോടൊപ്പം ബാങ്ക്/ധനകാര്യസ്ഥാപനങ്ങിൽ നിന്നും വായ്പ ഉറപ്പ് വരുത്തി പദ്ധതിയുടെ അടങ്കൽ തുക വർദ്ധിപ്പിക്കാൻ ശ്രമം നടത്തിയിട്ടുണ്ട്

# അധ്യായം 9

# സമഗ്രപരിപാടികളും സംയോജന സാധ്യതകളും

നവകേരള കർമ്മ പദ്ധതിയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് പ്രാമുഖ്യം നൽകിയിട്ടുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ ഉപപദ്ധതിയായ ഹരിത കേരളമിഷൻറെ ഭാഗമായി ശുചിത്വ പരിപാലനത്തിനും ജലസംരക്ഷണത്തിനും പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ട്. ശുചിത്വമിഷന്റെ ഫണ്ടും ഗ്രാമപഞ്ചായത്ത് വികസന ഫണ്ടും സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കുന്നു. ജലസംരക്ഷണ പദ്ധതിയിൽ തൊഴിലുറപ്പ് മുഖേന പഞ്ചായത്തിലെ തോടുകളും കുളങ്ങളും പുനഃരുദ്ധരിക്കുന്നതിന് ആക്ഷൻ പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. അംഗനവാടി കെട്ടിടനിർമ്മാണത്തിൽ വിവിധ വകുപ്പുകളുടെ ഫണ്ടുകൾ സംയോജനം നടത്തിയിട്ടുണ്ട്.പഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും, സാമൂഹ്യനീതി വകുപ്പും, ഗ്രാമവി കസന വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

കൂടാതെ തെങ്ങിന് ജൈവവളം, പാലിന് സബ്സിഡി, കറവപ്പശു വിതരണം, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, അനുപൂരകപോഷകാഹാര വിതരണം, പെയിൻ ആൻഡ് പാലിയേറ്റീവ്, അംഗനവാടി മെയിന്റനൻസ് എന്നീ പദ്ധതികളും ബ്ലോക്ക് ജില്ല ഗ്രാമപ ഞ്ചായത്തുകൾ സംയുക്തമായി നടത്തുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഗ്രാമപഞ്ചായത്തിൻറെ 20% ഫണ്ടും കെ.യു. ആർ.ഡി.എഫ്.സി യിൽ നിന്നു ള്ള വായ്പയും വകയിരുത്തി സംയോജന സാധ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻറെ ഭാഗമായി സംയുക്ത പ്രൊജക്ട് ഇല്ലെങ്കിലും വിദ്യാഭ്യാ പദ്ധതികൾ പൊതുവിദ്യാഭ്യാസ സംരക്ഷണവുമായി ബന്ധപ്പെട്ട പരിപാടികളുമാണ് ആവിഷ്കരിച്ചിട്ടുള്ളത്.ഇത്തരത്തിൽ ലഭ്യമായ മേഖലകളിലൊക്കെ തന്നെ സംയോജന സാ ധ്യത ഉൾപ്പെടുത്തിയാണ് പ്രൊജക്ട്കൾ തയ്യാറാക്കിയിട്ടുള്ളത്.

# അധ്യായം 10

# മോണിറ്ററിംഗ്

വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടത്. മോണിറ്ററിംഗ് എന്നത് പദ്ധതി നടപ്പിലാക്കിയ ശേഷം മാത്രം പരിശോധന നടത്തുന്ന സംവിധാനമാകരുത്. പദ്ധതി ആരംഭം മുതൽ നിർവ്വഹണത്തിന്റെ ഒരോ ഘട്ടത്തിലും മോണിറ്ററിംഗ് നടത്തേണ്ടതുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി അതാത് അവസരങ്ങിൽ യോഗം ചേർന്ന് മിനുട്സ് തീരുമാനം രേഖപ്പെടുത്തേണ്ടതും വിവിധ മോണിറ്ററിംഗ് കമ്മിറ്റിയുടെ സംയുക്ത യോഗം വിളിച്ച് ചേർക്കേണ്ടതുമാണ്. പദ്ധതി പ്രവർത്തനം സുതാര്യവും കുറ്റമറ്റതുമാവണമെങ്കിൽ സംയോജിതവും ശക്തവുമായ മോണിറ്ററിംഗ് അനിവാര്യമാണ്. വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർ മോണിറ്ററിംഗ് കമ്മിറ്റിയുടെയും ചെയർമാൻമാരാണ്. കൺവീനർ നിർവഹണ ഉദ്യോഗസ്ഥനല്ലാത്ത ഒരു ഉദ്യോഗസ്ഥനുമായിരിക്കണം. വർക്കിംഗ് ഗ്രൂപ്പിലെ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി മോണിറ്ററിംഗ് നടത്താനാവാത്തതിനാൽ ഭരണസമിതി വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് തിരഞ്ഞെടുത്തവരെ മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളാക്കാറാണ് പതിവ്. ഇത്തരത്തിൽ മോണിറ്ററിംഗ് ശക്തിപ്പെടുത്തി ഈ വാർഷിക പദ്ധതി കാലയളവിൽ നിരന്തരമായ മോണിറ്ററിംഗ് സാധ്യമാക്കി സുതാര്യവും മികവുറ്റതുമായ പദ്ധതി പ്രവർത്തനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നു.